ആധുനിക മലയാളസാഹിത്യത്തിൽ അടുത്തകാലത്തായി വളൎന്നുവരുന്ന ലൈംഗികമായ അശ്ലീലലേഖനപ്രവണതയെ പരാമൎശിച്ചുകൊണ്ടു് ഒരു മാന്യൻ ഈയിടെ ഇങ്ങിനെ പ്രസ്താവിക്കുക ഉണ്ടായി. "മാനവസംസ്കാരം ഒലിച്ചുപോകാതിരിപ്പാൻ കെട്ടിയ വരമ്പുകൾ മാത്രമാണ് സാമുദായികാചാരങ്ങൾ. അവ പുരോഗമന ദേവതയുടെ രഥചക്രചംക്രമണത്തെ തടയുവാനല്ല. സംസ്കാരകേദാരത്തിൻെറ സീമകൾ വിപുലമാവുന്തോറും ആചാര വരമ്പുകൾ മാറാതിരിക്കയില്ല. എന്നുവെച്ച് തീരെ വരമ്പുകൾ ഇല്ലാതെയുമാവില്ല" നമ്മുടെ ചില വാരികകളിലും മററും പ്രസിദ്ധീകൃതങ്ങളായ ചില ചെറുകഥകളും കവിതകളും വായിച്ചപ്പോൾ മേലുദ്ധരിച്ച പ്രസ്താവത്തോടുള്ള എൻെറ അനുകൂലപക്ഷം ഉപോദ്ബലപ്പെടുകയേ ചെയ്തുള്ളു. അനുവാചകൻെറ കോമളഹൃദയത്തിൽ 'ഒരിക്കിളി' ഉണൎത്തിവിട്ടു് അതിൽനിന്നും മുതലെടുക്കാൻ ശ്രമിക്കുന്ന ഇത്തരം സാഹിത്യവ്യവസായികളുടെ കടകൾ പൂട്ടിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സഹസ്രാബ്ദങ്ങളായി മാനവസമുദായം സ്വാനുഭങ്ങളിലൂടെ സംഭരിച്ചുവച്ച സംസ്കാരം അപകടത്തിലാവുന്ന തരത്തിലുള്ള സാഹിത്യപരിശ്രമങ്ങളും, അവ ഏതു് തഴമ്പിച്ച തൂലികയിൽനിന്നു വിനിൎഗ്ഗളിച്ചതായാലും, സമുദായരംഗത്തിൽനിന്ന് നിഷ്ഠുരണം നിഷ്കാസനം ചെയ്യപ്പെടുകതന്നെവേണം.

സംസ്കാരസമ്പൂൎണ്ണമായ സമുദായത്തിൻെറ പുരോഗതിയെ ത്വരിതപ്പെടുത്തുവാൻ അഥവാ അസംസ്കൃതജനാവലിയെ സംസ്കാരസരണിയിലൂടെ പുരോഗമിപ്പിക്കുവാൻ ഉപയുക്തങ്ങളായ കലാസൃഷ്ടികൾ ചെയ്യുന്നവൻ ആരോ അവനാണ് യഥാൎത്ഥ ജനകീയ കലാകാരൻ. ജീവിതവുമായി വിലയം പ്രാപിച്ചുകൊണ്ടു് വസ്തുക്കളെ അവയുടെ ഉണ്മയിൽത്തന്നെ തൻെറ കൃതികളിൽ പ്രതിഫലിപ്പിക്കുന്നതിൽ സ്ഥിതിചെയ്യുന്നു അവൻെറ വിജയരഹസ്യം. ഭാവവും രൂപവും പ്രസ്തുത കൃതിയിൽ യഥാൎത്ഥം മാനിക്കപ്പെട്ടിട്ടുണ്ടോ? എന്നാൽ സംശയിക്കേണ്ട. നമുക്കതിനെ ഒരു ഉത്തമകലാസൃഷ്ടിയായിത്തന്നെ കണക്കാക്കാം. കലാകാരൻെറ ഉപബോധമനസ്സിൽനിന്നും 'ഉടലെടുക്കുന്ന ആശയങ്ങൾ ചിലപ്പോൾ കാലികപ്രശ്നങ്ങളെ സംബന്ധിച്ചവയായിരിക്കും. എന്നാൽ അകാലികം അല്ലെന്ന ഒററ കുററാരോപണംചെയ്തു് അവയെ ആക്ഷേപിക്കുന്നത് നിരൎത്ഥകമാണ്.

ജനോപകാരികളായ കാൎയ്യങ്ങളാണ് ഉള്ളടക്കം എന്നതുകൊണ്ടുമാത്രം രൂപം തികച്ചും അവഗണിക്കപ്പെട്ട ഒരു കൃതി ഉൽകൃഷ്ടമാണെന്നു പറയുന്നവരുണ്ടു്. എന്തു പറഞ്ഞു എന്നതല്ല, അതു് എങ്ങിനെ പറഞ്ഞു എന്നു മാത്രമാണ് ഉത്തമകലാസൃഷ്ടിയുടെ മാനദണ്ഡം എന്നു വാദിച്ചുവച്ച പഴഞ്ചൻ വിമൎശകരുടെ അന്ധരായ എതിരാളികൾ മാത്രമാണവർ. ഇരുതലയും മൂൎച്ചയുള്ള ഒരായുധം നിങ്ങളുടെ വശമിരിക്കുമ്പോൾ എന്തുകൊണ്ടു് അതിൻെറ ഇരുവശങ്ങളും വേണ്ടിവന്നാൽ ഉപയോഗിച്ചുകൂടാ! പ്രതിഭാശാലിയായ ഒരു കലാകാരൻ ആകട്ടെ രൂപവും ഭാവവും സാഹിത്യത്തിൻെറ ദേഹവും ദേഹിയുമാണെന്നു് മനസ്സിലാക്കിക്കൊണ്ടു് ഉത്തമകലാശില്പങ്ങൾ സമുദായത്തിൻെറ മുമ്പിൽ കാഴ്ചവെക്കുന്നു.

കവി തൻെറ അചുംബിതങ്ങളായ ആശയങ്ങളെ ബഹിൎഗ്ഗമിപ്പിക്കുവാൻ, വക്രോക്തിയോ ധ്വനിയോ, ഏതു രീതി അവലംബിച്ചാലും ഒരു കാൎയ്യം വിസ്മരിക്കരുതു്; തൻെറ കൃതി അവധാനപൂൎവ്വം വായിക്കുന്ന അനുവാചകൎക്കെങ്കിലും മനസ്സിലാകണമെന്നതു്. കൎത്താവിന്നുതന്നെ അജ്ഞാതങ്ങളായ ആശയങ്ങൾ ഉൾക്കൊള്ളുന്ന കവിതകൾ മലയാളസാഹിത്യത്തിൽ വിരളമല്ല. ഉദാഹരണത്തിന്നു് 'ഉൽസവദായകമായ' തൻെറ യൗവനം മുഴുവൻ 'വേശ്യാലയങ്ങളിൽ പോക്കി'യെന്നു സ്വയം പ്രഖ്യാപിച്ച ആ ജനകീയ കവിയെ ത്തന്നെ സമീപിക്കാം. ലളിതകോമളമായ പദാവലികളിലൂടെ സവാരി ചെയ്യുന്ന തൻെറ സുന്ദരാശയങ്ങൾ ദ്രാവിഡശീലുകളിൽ പകൎന്നുകൊടുത്തു്, പാമരനെപ്പോലും ധരിപ്പിച്ച ആ പ്രസിദ്ധകവി ഏതോ സ്വൎഗ്ഗചൈതന്യത്തെ വിളിച്ചു പാടുകയാണ്:

"നിന്നെഞാൻ കാൺമൂവിഹഗ
സ്വരങ്ങളിൽ,
നിന്നെഞാൻകേൾക്കുന്നുനക്ഷത്ര
രാശിയിൽ,
സ്പൎശിപ്പൂനിന്നെസ്സുഗന്ധത്തിലൂടെ
ഞാൻ,
നിൎഭയമെന്നിട്ടൊളിച്ചുകളിപ്പൂനീ."

ബഹിരിന്ദ്രിയവ്യാപാരങ്ങളിലുള്ള എല്ലാ പ്രകൃതിനിയമങ്ങളെയും ലംഘിച്ചുകൊണ്ടു്" എഴുതിത്തീൎത്ത ഈ വരികളുടെ അൎത്ഥം എത്രപേൎക്കു മനസ്സിലായിട്ടുണ്ടു്? സഞ്ജയൻ ഇതിനെ പരിഹസിച്ചുകൊണ്ടു് ഇങ്ങിനെ എഴുതിക്കാണുന്നു:

...... ........................ ...... ..

സ്പൎശിപ്പൂനിൻസ്വാദുകാതിനാൽത്തന്നെ_(നീകയ്യാൽച്ചെകിടത്തു മാം
കുടാക്കിയ്യെല്ലാലാ!)

അതിനാൽ പ്രതിപാദനത്തിന്നു സാഹിത്യത്തിലുള്ള സ്ഥാനം എത്ര മഹത്തരമാണ്.



THE COLLEGE HISTORY-LOGIC SECTION 1947—'49.

UNIVERSITY
MADRAS
22 MAR 1950

* "കഴിവുള്ളേടത്തോളം കുറച്ചക്ഷരത്തിൽ കഴിവുള്ളോടത്തോളം കൂടുതൽ അർത്ഥമുള്ളടക്കിക്കൊണ്ട് പ്രസന്നോജ്ജ്വലമധുരമായി വിവരിക്കുക എന്നതിനെയാണ് ഞാനിവിടെ 'പ്രതിപാദനം' എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത്."

പഴമയെ പാടെ പഴിക്കുകയും പുതുമയെ മുററം പുൽകുകയും ചെയ്യുന്ന എഴുത്തുകാരനും അല്ല, യഥാർത്ഥ കലാകാരൻ. ആർഷസംസ്കാരത്തിന്റെ ജിഹ്വകളായ രാമായണം, ഭാരതം മുതലായ വിശ്വമഹാഗ്രന്ഥങ്ങൾ ചുട്ടെരിക്കണമെന്ന് ആരെങ്കിലും പറഞ്ഞാൽ അത് അജ്ഞതയുടേയും അലസതയുടേയും ബഹിഃപ്രകടനമായിട്ടേ അഭിജ്ഞന്മാർ ധരിക്കുകയുള്ളൂ. കാളിദാസന്റെ ശാകുന്തളംവെറും 'തമ്പുരാൻ സാഹിത്യ'കാലത്തെ കൃതി ആണെന്ന കാരണത്താൽ അതിന്റെ കലാമൂല്യത്തെ ചിലർ ചോദ്യം ചെയ്യുമ്പോൾ എന്റെ സ്മൃതിപഥത്തിലേക്ക് ഇഴഞ്ഞുവരുന്നത് ശ്രീ യേശുവിന്റെ ആ മഹദ്വചനമാണ്: "പിതാവേ! അവർക്കു മാപ്പു കൊടുക്കണേ! അവർ അറിയാതെ ചെയ്തുപോയതാണ്". എന്നാൽ അത്തരം ദുർബ്ബലങ്ങളായ ആക്ഷേപശരങ്ങൾ തൊടുക്കുന്നതിനു പകരം പൗരാണിക മഹാഗ്രന്ഥങ്ങൾ ശരിക്കും പഠിച്ച് നൂതനകലാശില്പങ്ങൾ തീർത്തിട്ട് അവയിൽ കൊള്ളിച്ച സംസ്കാരമൂല്യം പൂർവ്വസംസ്കാരങ്ങൾക്കു വില നിർണ്ണയിച്ച് അവയിലുള്ളതിനേക്കാൾ മഹത്തരമാണെന്നു തെളിയിച്ചുകൊടുക്കുകയാണ് വേണ്ടത്. മഹാകവി പാടിയതുപോലെ.

"ഭൂതകാലത്തിൻപ്രഭാവതന്തുക്കളാൽ
ഭൂതിമത്താമൊരു ഭാവിയെ—" നെയ്യുകയാണ് നാം ചെയ്യേണ്ടത്.

പാവപ്പെട്ട മലയാള ഭാഷയിൽ ചെറുകഥാപ്രസ്ഥാനമെങ്കിലും, ഇതര ഭാരതീയഭാഷകളെഅപേക്ഷിച്ചു, വളരെ പുഷ്ടിപ്പെട്ടിട്ടുണ്ടെന്നു ചില പ്രധാന വിമർശകന്മാർതന്നെ പ്രസ്താവിച്ചു കണ്ടിട്ടുണ്ട്. വളരെയൊന്നുമില്ലെങ്കിലും നമുക്കതങ്ങ് സമ്മതിച്ചുകൊടുക്കുക. എന്നിട്ട് മലയാളത്തിൽ തരക്കേടില്ല എന്നു പറയാൻ കൊള്ളുന്ന എത്ര നോവലുകളുണ്ടെന്നു നമുക്കൊന്നു എണ്ണിനോക്കാം. സി.വി.യുടേയും ചന്തുമേനവന്റേയും മുമ്പിൽ പ്രണാമമർപ്പിച്ചുകൊണ്ടു എണ്ണം ആരംഭിക്കാം. തകഴിയുടെ 'തലയോട്' മാററിവച്ചു "രണ്ടിടങ്ങഴി" എടുത്തോളൂ. മടിക്കണ്ട "തോട്ടിയുടെ മകനേയും" ഒന്നിച്ചുകൂട്ടൂ. കുറച്ചുകാലെ ഒരു പുസ്തകംകൂടെ കാണുന്നുണ്ടല്ലോ. അതും എടുക്കൂ. "വിഷകന്യക", പൊററക്കാട്ടിന്റെ പുതിയ നോവൽ അല്ലേ? അതിനെപ്പററി ഞാൻ ചെറിയൊരു കഥ പറയാം. "വിഷകന്യക" എന്റെ കരവലയങ്ങളിൽ പെട്ടുകിടക്കുന്നു. പൊററക്കാട്ടിന്റേതല്ലേ? വല്ല റൊമാൻസും ആയിരിക്കുമെന്ന ധാരണയോടെ ഞാൻ പുസ്തകം നിവർത്തി വായന തുടങ്ങി. എന്റെ തെററിദ്ധാരണകളെ മറിച്ചിട്ടുകൊണ്ടു സുപ്രതീക്ഷകൾ വന്നണിനിരന്നു ജീവിതവുമായി വിലയം പ്രാപിക്കാത്ത ഒരു കഥാകൃത്തിന്റെ ആ 'മണ്ണിന്റെ മഹാകാവ്യ' ത്തിൽ ഞാൻ ലയിച്ചുപോയി. നഗ്നങ്ങളായ വയനാടൻ കുന്നുകൾ എന്റെ മനോനേത്രങ്ങൾക്കു മുമ്പിൽ ഒരു കിരാതനൃത്തംചവുട്ടി. പക്ഷെ അതുവരേയ്ക്കും ഒളിച്ചുകിടന്നിരുന്ന റൊമാൻസ് വീണ്ടും തലപൊക്കിത്തുടങ്ങി. ആരംഭിച്ചതുപോലെയല്ലെങ്കിലും തൊല്ലൊരാശ്വാസത്തോടെ ഞാൻ പുസ്തകം താഴത്തുവെച്ചു. സ്വയം നിർണ്ണയാവകാശം അനുവദിക്കപ്പെട്ട ചില സ്വയം സമ്പൂർണ്ണ പ്രവിശ്യകളുടെ മേൽ പേരിനു മാത്രം അധികാരമുള്ള ഒരു കേന്ദ്രഭരണകൂടം— അതേപ്രതീതിയാണ് പല സംഭവങ്ങളുടെ സമാഹാരമായ പ്രസ്തുത നോവൽ വായിച്ചപ്പോൾ എനിക്കുണ്ടായത്. അതായത് "വിഷകന്യക"ക്ക് രൂപഭദ്രതയില്ലെന്നർത്ഥം. ഒരു ഉത്തമമായ; കലാശില്പം തികഞ്ഞ നോവൽ മലയാള ഭാഷ പ്രസവിക്കുന്ന കാലം എന്നോ!

കലാകാരന്മാർ ചേരിപിരിഞ്ഞു നില്ക്കുന്ന ഈ സന്ദർഭത്തിൽ വിമർശസാഹിത്യം എത്ര മുന്നോട്ടു പോയിരിക്കുന്നു! തങ്ങൾക്ക് അഹിതങ്ങളായ കാര്യങ്ങളെ എങ്ങിനേയും അധിക്ഷേപിക്കാം എന്നായിരുന്നു നിരൂപണത്തിന്റെ നിയമങ്ങളെങ്കിൽ മേൽ പ്രസ്താവിച്ച പുരോഗതി ആദരണീയമായിരുന്നു. പക്ഷെ, ഭാഗ്യവശാൽ, വിമർശസാഹിത്യം അധിക്ഷേപങ്ങൾക്കും വ്യക്തിവിദ്വേഷങ്ങൾക്കും അതീതമായ ഒരു ഉൽകൃഷ്ട കലയായി വിരാജിക്കുകയാണ്. ഈ പരമാർത്ഥം വ്യക്തമായിട്ടും വ്യക്തിവിദ്വേഷം കൊണ്ട് വിളറിപ്പോയ ചില വിമർശതാരങ്ങൾ സാഹിത്യാന്തരീക്ഷത്തിൽ ഉദിച്ചുയർന്നിരിക്കുന്നു. ഇനി നിഷ്പക്ഷനിരൂപണങ്ങളിലേക്ക് കടന്നാലോ? അവിടം മുഴുവൻ അനാവശ്യമായ പ്രശംസകൾ കൊണ്ടു നിറഞ്ഞിരിക്കയാണ്. പണ്ഡിതശ്രേഷ്ഠനായ ശ്രീ. എ. ബാലകൃഷ്ണപിള്ളയെപ്പോലുള്ളവർ യുവകവികളെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം അവരെ നേർവഴിക്കു നയിക്കുവാനും ഒരുങ്ങേണ്ടതാണ്. അല്ലാതെ വാനുവീഴുന്ന കലാസൃഷ്ടികൾ മുഴുവൻ വിശ്വോത്തരങ്ങളും അവയുടെ കർത്താക്കളെല്ലാം വിശ്വമഹാകവികളും ആണെന്നു, ഏതു 'പ്രസ്ഥാന'ത്തിന്റെ സഹായത്തോടുകൂടെ ആയാലും, സ്ഥാപിക്കാൻ ശ്രമിച്ചാൽ നിരൂപണം ഒരു പരസ്യോപകരണമായി തരം താഴ്ന്നുപോകും. അതുകൊണ്ട് തള്ളേണ്ടതിനെ തള്ളുകയും കൊള്ളേണ്ടതിനെ കൊള്ളുകയും ആണ് ഉത്തമനിരൂപകന്റെ കർത്തവ്യം. *"കാവ്യനിർമ്മാണംപോലെതന്നെ കാവ്യനിരൂപണവും ഒരു കലയാകുന്നു. നമ്മുടെ ഭാഗ്യാതിരേകത്താൽ മലയാള ഭാഷയിൽ നല്ല കാവ്യങ്ങൾക്കു ക്ഷാമമില്ല. ശുദ്ധമായ നിരൂപണബുദ്ധിയുടെ സന്താനങ്ങളായ കലാസൃഷ്ടി

---

* സാഹിത്യസല്ലാപം—
കുട്ടികൃഷ്ണമാരാർ.

* കലയും കലവും—
കെ. ഭാസ്കരൻനായർ.

കളുടെ കാര്യത്തിലാണ് നമ്മുളെ മാതൃഭാഷ ദാരിദ്ര്യദുഃഖം അനുഭവിക്കുന്നത്."

നൂററാണ്ടുകളായി നിത്യദാരിദ്ര്യത്തിലും യാതനകളിലും കഴിഞ്ഞുകൂടുന്ന ബഹുഭൂരിപക്ഷം ജനതയെ ഉൽകൃഷ്ടമായ പന്ഥാവിലൂടെ ഉത്തമമായ ഒരു ശാശ്വതസ്ഥിതിയിലേക്ക് നയിക്കാൻ ഉതകുന്നവ ആയിരിക്കണം യഥാർത്ഥ കലാകാരൻെറ കലാസൃഷ്ടികൾ. ഇന്നു നിലവിലുള്ള നീചമായ നിമ്നോന്നതകളെ നിവാരണംചെയ്തു സാമ്പത്തികസമത്വത്തിൻെറ അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കപ്പെട്ട ഒരു സമുദായ ഘടനയുടെ പിറവിക്കുവേണ്ടി പ്രവർത്തിക്കുന്നവർക്ക് പ്രചോദനം നൽകുന്നവയായിരിക്കണം പ്രസ്തുത കലാസൃഷ്ടികൾ. ആശയങ്ങളുടെ സംഘട്ടനങ്ങളുടെ ഇടയിൽക്കൂടെ ആയാലും സാഹിത്യകാരൻ നിസർഗ്ഗജമായസംസ്കാരത്തെ ദുരുപയോഗപ്പെടുത്താതെ, കല്പനയുടെ അടിത്തട്ടിൽ അലിഞ്ഞുചേർന്ന ജീവിതയാഥാർത്ഥ്യങ്ങളെ അനുവാചകൻെറ ഹൃദയാന്തരാളത്തിലോളം അടിച്ചുകയററുവാൻ പര്യാപ്തങ്ങളായ ഉത്തമകലാശില്പങ്ങൾ പണിയുക. ഇതായിരക്കട്ടെ സാഹിത്യപുരോഗതിക്കു പരിശ്രമിക്കുന്നവർക്കു മാർഗ്ഗദർശനംചെയ്യുന്ന ദീപശിഖ.



AT THE WELL

M. P. Ramachandra Menon

# ഗാന്ധിജിയുടെ ബാല്യകാലത്തിലെ രണ്ടു സംഭവങ്ങൾ

(ടി. ഗോപാലൻ, ജൂനിയർ)

മഹാത്മഗാന്ധി ഭാരതീയരുടെ ക്ഷയിച്ചുപോയ ജീവചൈതന്യം വീണ്ടെടുത്തു; അവരെ സ്വതന്ത്രരാക്കി. മാത്രമോ? അല്ല. ജനങ്ങളുടെ ധാർമ്മികാഭിവൃദ്ധിക്കു വേണ്ടിയും അദ്ദേഹം അശ്രാന്തപരിശ്രമംചെയ്തു. സ്വാർത്ഥവും .മത്സരവും ക്രൂരതയും നിറഞ്ഞ ലോകത്തിൽ സത്യത്തിന്റെ കരിങ്കൽത്തറമേൽ ശാശ്വതസമാധാനസൌധം കെട്ടിപ്പടുക്കുവാനും നിരന്തരം യത്നിച്ചു. അസത്യത്തോടടരാടിത്തന്നെ സ്വജീവിതം അവസാനിപ്പിച്ചു. ആ സത്യപ്രവാചകൻ ഒരു നിഷ്ഠുരഘാതകന്റെ തോക്കുണ്ടകൾക്കിരയായി.

ആ ദാരുണവാർത്തയറിഞ്ഞതോടെ ലോകമാസകലം വ്യസനാബ്ധിയിലാണ്ടു. സൂര്യനസ്തമിച്ചാലത്തെ ഒരു ശൂന്യത സർവ്വത്ര അനുഭവപ്പെട്ടു. അമേരിക്കയിലെ ഒരു കൊച്ചു ബാലൻ തന്റെ അമ്മയോടു പറഞ്ഞു, "അമ്മേ, തോക്കുണ്ടാക്കാനാക്കും അറിഞ്ഞുകൂടായിരിന്നെങ്കിൽ.........." ഇങ്ങിനെ ഗാന്ധിജി ലോകത്തിന്റെ സ്നേഹബഹുമാനാദികൾക്കു പാത്രമായതു് തന്റെ പണംകൊണ്ടല്ല. അദ്ദേഹം വെറുമൊരു ആദർശവാദിയായിരുന്നില്ല. സത്യത്തേയും അഹിംസയേയും സ്വന്തം ജീവിതത്തിൽ പകർത്തിയതത്രെ അദ്ദേഹത്തിന്റെ വിജയരഹസ്യം. മററുള്ളവരെ ഉപദേശിച്ചപോലെ താനും പ്രവർത്തിച്ചു. ചെറുപ്രായത്തിൽത്തന്നെ ഗാന്ധിജി സത്യസന്ധനും ഭൂതകാരുണ്യവാനുമായിരുന്നു. സത്യത്തിന്നു വിരുദ്ധമായി വല്ലതും പ്രവർത്തിച്ചുപോയാൽ പിന്നെ അദ്ദേഹത്തിന്നു മനസ്സമാധാനമുണ്ടാകയില്ല.

ഒരു ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്തു ഗാന്ധിജി സഹപാഠികളൊത്തു കളിക്കുകയോ 'വെടിപറയുക'യോ ചെയ്തിരുന്നില്ല. വിദ്യാലയത്തിലേക്കു പോകും രാവിലെ; വൈകുന്നേരം നേരെ വീട്ടിലേക്കും. കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഈ സ്വഭാവത്തിന്നൊരു മാററം സംഭവിച്ചു. തനിക്കൊരു സ്നേഹിതനെ കിട്ടി. ബലവാനും സമർത്ഥനുമായ സ്നേഹിതനെക്കണ്ടു്, ഗാന്ധിജി തന്റെ ശരീരദൌർബ്ബല്യത്തെപ്പററി ലജ്ജിച്ചു. തനിക്കും അവനെപ്പോലെ ശക്തനാകാൻ കഴിയാത്തതെന്തുകൊണ്ടാണ്? സ്നേഹിതൻ പറഞ്ഞു, "നിങ്ങളൊരു സസ്യഭുക്കാണ്; ഞാനൊരു മാംസഭോജിയും. നോക്കുക, ഒരു യൂറോപ്യനെ. മാംസഭക്ഷണം കഴിക്കുന്നതുകൊണ്ടാണ് അയാൾ നമ്മെക്കാൾ പ്രബലനായതു്. മാത്രമോ? നമ്മെ കീഴടക്കിഭരിക്കുന്നതു്. ഇന്ത്യയെ സ്വതന്ത്രമാക്കാൻ നാമെല്ലാവരും മാംസം ഭക്ഷിച്ചു് ശക്തി സംഭരിക്കണം."

ആദ്യം ഈ ഉപദേശം അത്ര ഹൃദ്യമായി തോന്നിയില്ലെങ്കിലും, ദേശാഭിമാനത്താൽ പ്രേരിതനായി ഗാന്ധിജി മാംസം ഭക്ഷിക്കാൻ തീരുമാനിച്ചു. ഒരു ദിവസം ഗാന്ധിജി തന്റെ സ്നേഹിതനോടൊപ്പം മററാരുമറിയാതെ ഹോട്ടലിൽ പോയി ആട്ടിൻമാംസം കഴിച്ചു. വളരെ കുറച്ചു മാത്രമേ ഗാന്ധിജിക്കു തിന്നാൻ കഴിഞ്ഞുള്ളു; അപ്പോഴേക്കും മനംപുരട്ടലുണ്ടായി. വളരെ ബുദ്ധിമുട്ടി വീട്ടിലെത്തി. അന്നത്തെ രാത്രി അദ്ദേഹത്തിന്നു തീരെ ഉറക്കംവന്നില്ല. തന്റെ വയററിൽനിന്നുഒരു ആട്ടിൻകുട്ടി പ്രാണവേദനയോടുകൂടി പിടക്കുന്നുണ്ടെന്നു അദ്ദേഹത്തിന്നുതോന്നി. കിടക്കയിൽ അങ്ങോട്ടുമിങ്ങോട്ടും കിടന്നുരുണ്ടു. നിദ്രാദേവി അദ്ദേഹത്തെ തിരിഞ്ഞുനോക്കിയതേ ഇല്ല. അതിൽപിന്നെ ഗാന്ധിജി മാംസഭക്ഷണം തൊട്ടിട്ടില്ല.

പക്ഷെ ഗാന്ധിജിക്ക്, തന്റെ സ്നേഹിതന്റെ വശീകരണ ശക്തിയിൽനിന്നു വിമുക്തനാകാൻ കുറച്ചുനാളത്തേക്കു കഴിഞ്ഞില്ല. സ്നേഹിതന്റെ പ്രോത്സാഹനം നിമിത്തം താനും സിഗററു ഉപയോഗിക്കാൻ തുടങ്ങി. ആദ്യത്തിൽ സ്നേഹിതന്റെ സംഭാവനയായി സിഗററു കിട്ടി. എന്നും ഒരാളെത്തന്നെ 'പററിക്കു'ന്നതു നല്ലതല്ലെന്നു കരുതി ഗാന്ധിജി പിടികക്കാരനിൽനിന്നു കടം വാങ്ങാൻ തുടങ്ങി. പണം കൂടിക്കൂടി വന്നു. അതെല്ലാം എങ്ങിനെ തീക്കും? സ്വഗൃഹത്തിൽനിന്നു പണംകിട്ടാനുള്ള വഴികളാരാഞ്ഞു. ഈ ആവശ്യത്തിന്നു ഒരു പൈപോലും മാതാപിതാക്കന്മാരിൽനിന്നു കിട്ടുകയില്ല. പകരംകിട്ടുക, വലിയശിക്ഷയാണ്. ഗാന്ധിജിയുടെ മനസ്സ് മോഷണത്തിലേക്കുതിരിഞ്ഞു. അമ്മയുടെ പെട്ടിയിലുണ്ടായിരുന്ന ഒരു പൊട്ടിയ സ്വർണ്ണമാലയെടുത്തു. അദ്ദേഹം ചുരുങ്ങിയവിലക്കു വിററു, കടമെല്ലാം തീർത്തു.

തൽകാലം ഒരാശ്വാസം തോന്നിയെങ്കിലും രണ്ടുമൂന്നുദിവസം കഴിഞ്ഞപ്പോൾ ഗാന്ധിജിയുടെ മനസ്സ് അസ്വസ്ഥമായി. അദ്ദേഹം തന്റെ പ്രവൃത്തിമോശത്തെപ്പററി ചിന്തിച്ചു, "കഷ്ടം! ഞാനെന്തൊരു കള്ളനാണ്! എന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്ന മാതാപിതാക്കന്മാരെ വഞ്ചിക്കുകയോ? അയ്യോ! ഞാനെന്തിന്നു പറം!" കുററം സമ്മതിക്കുന്നതാണ് നല്ലതെന്നുചിലപ്പോൾ തോന്നും ഉടനെ, ശിക്ഷയുടെ കാര്യമാലോചിക്കുമ്പോൾ മനസ്സിന്റെ മാതിരി മാ

റം. മനസ്സൊരു പോക്കളമായിത്തീന്നു. അവസാനം, അച്ഛന്റെ മുമ്പാകെ കുററം സമ്മതിക്കാൻ തീച്ചയാക്കി; അച്ഛന്നൊരു കത്തെഴുതി, "വന്ദ്യപിതാവേ, ഞാൻ ഗൌരവമായ ഒരു കുററം ചെയ്തിരിക്കുന്നു—അമ്മയുടെ സ്വർണ്ണച്ചങ്ങല കട്ടുകൊണ്ടുപോയി വിററതു ഞാനല്ലാതെ മററാരുമല്ല. ഞാൻ പശ്ചാത്താപാർത്തനാകുന്നു. ഞാൻ ശിക്ഷാർഹനാണ്. അച്ഛൻ തരുന്ന ഏതു ശിക്ഷയും ഞാൻ സന്തോഷസമേതം അനുഭവിക്കും."

കത്തു വായിച്ചപ്പോൾ ഗാന്ധിയുടെ പിതാവിന്റെ കണ്ണുകളിൽനിന്നു വെള്ളത്തുള്ളികൾ അടന്നുവീണു. അതിവേഗത്തിൽ തുടിക്കുന്ന ഹൃദയത്തോടുകൂടി ഗാന്ധിജിപിതാവിന്റെ സമീപം നില്ക്കുന്നുണ്ട്. അച്ഛന്റെ അവസ്ഥകണ്ടു് മകനും കരഞ്ഞുപോയി. പിതൃകരങ്ങൾ മകനെ വാത്സല്യപുരസ്സരം തലോടി. പുത്രന്റെ സത്യസന്ധതയോത്തു് അച്ഛന്നതിയായ ആനന്ദവും അത്ഭുതവുമുണ്ടായി.

ഇങ്ങിനെ ചെറുപ്പത്തിൽത്തന്നെ, ഗാന്ധിജിയുടെ സത്യത്തിലുള്ള വിശ്വാസം അസാധാരണമായിരുന്നു.

"ഹരിശ്ചന്ദ്രചരിതം നാടകം കണ്ടതോടെ എന്റെ സത്യത്തിലുള്ള വിശ്വാസം വേരുറച്ചു"വെന്നു അദ്ദേഹം തന്റെ ആത്മകഥയിലൊരിടത്തു പറയുന്നു.





THE COLLEGE SENIOR INTERMEDIATE SCIENCE SECTION 1948—'49.

UNIVERSITY LIBRARY
MADRAS
22 MAR 1950

# കലയുടെ കഴിവുകൾ

## കലയുടെ സാമാന്യഭാവം.

മനുഷ്യഹൃദയത്തിന്റെ പ്രത്യേക സംഭാവനയാണ് കല. ആത്മാവിന്റെ അന്തർമണ്ഡലങ്ങളിൽനിന്ന് പൊട്ടിപ്പുറപ്പെടുന്ന പ്രചോദനങ്ങളും മനുഷ്യഹൃദയത്തെ പരിവർത്തനോന്മുഖമാക്കിത്തീർക്കുമ്പോൾ അതിൽനിന്ന് ഭാവപ്രധാനവും ഭാവനാപ്രധാനവുമായ കല സംജാതമാകുന്നു. ഏതെങ്കിലും ഒരു കൈവഴിയിൽപ്പെട്ട കല പുരോഗമിക്കണമെങ്കിൽ ആ കല പ്രതിനിധീകരിക്കുന്ന ജനസമുദായം പുരോഗതി പ്രാപിക്കണം. ജനതയുടെ വൈകാരിക ജീവിതരീതികൾ അതിന്റെ കലകളിൽക്കൂടി നിഴലിച്ചുകാണണം; പ്രത്യക്ഷപ്പെടണം! വിനോദത്തിൽക്കൂടി വിജ്ഞാനം വളർത്തുകയാണ് കലയുടെ ലക്ഷ്യം; സംസ്കാരം പകർത്തുകയാണ് കലയുടെ കൃത്യം! കലാസാമാന്യധർമ്മം ആഹ്ളാദകത്വത്തെ പ്രദാനംചെയ്യുകയാണെന്നും മറ്റും വാദിക്കുന്ന കലാകാരന്മാർ നമ്മുടെയിടയിലുണ്ട്. എന്താണീയാഹ്ളാദകത്വം? കലാകാരന്റെ അനുഭവങ്ങളിൽനിന്ന് ഉറവെടുക്കുന്ന അനുഭൂതി വിശേഷങ്ങളെ ഭാവുകഹൃദയത്തിലേയ്ക്ക് സംക്രമിപ്പിക്കുമ്പോൾ ഉളവാകുന്ന ആഹ്ളാദകത്വമല്ലേ മേല്പറഞ്ഞ ആഹ്ളാദകത്വം? അങ്ങിനെയാണെങ്കിൽ അതോടൊപ്പംതന്നെ ജനതയുടെ സാമൂഹ്യജീവിതത്തെ സാരമായി സ്പർശിക്കുന്ന മാനസിക പ്രണവതകളെ ഉൽപാദിപ്പിക്കുവാൻ കല ശ്രമിക്കേണ്ടതാണ്. ക്രാന്തദർശിയായ കലാകാരൻ പ്രകൃതിവസ്തുക്കളിൽ അന്തർലീനമായിക്കിടക്കുന്ന സത്യത്തെ സൌന്ദര്യത്തിന്റെ കണ്ണടച്ചില്ലിൽക്കൂടി ദർശിക്കുമ്പോൾ അയാളുടെ ഹൃദയത്തിൽനിന്നും ഉറവെടുക്കുന്ന ഭാവനാവികാരവിചാരോദയമാണ് കലയുടെ നാരായവേരായി സ്ഥിതി ചെയ്യുന്നത്.

## കലയും സൗന്ദര്യബോധവും.

കല സൌന്ദര്യോത്തേജകമായിരിക്കണം. സൌന്ദര്യത്തെ പ്രതിഫലിപ്പിക്കാത്ത കലയ്ക്ക് എക്കാലത്തും നിലയും വിലയും ലഭിക്കുന്നതല്ല. "ദൈവികമായ പരിപൂർണ്ണതയുടെ പ്രതിച്ഛായയാണ് കല" എന്ന് 'മൈക്കൽ ഏൻജലൊ' ഒരിക്കൽ പ്രസ്താവിച്ചിട്ടുള്ളത് ഈ ഘട്ടത്തിൽ പ്രത്യേകം സ്മർത്തവ്യമാണ്. 'കലയും സൌന്ദര്യവുംകൊണ്ട് ഞാൻ ലോകത്തിന്റെ വിലയെക്കണക്കാക്കും നിലയെ വിമർശിക്കും' എന്നും 'ക്രാന്തദർശിയാം കലാകാരന്റെ മനോധർമ്മകാന്തിയില്ലെങ്കിൽ ജഗന്മണ്ഡലം തമോമയം' എന്നും ഒരു കവി പാടിയിട്ടുള്ളത് കലയുടെ സൌന്ദര്യത്തെ ആസ്പദിച്ചാണ്. കലാസൌന്ദര്യം എന്നാലെന്ത്? കലാകാരൻ വെളിപ്പെടുത്താൻ പോകുന്ന ആശയങ്ങളും പ്രകൃതിഭംഗികളും തമ്മിൽ താദാത്മ്യം പ്രാപിക്കുമ്പോൾ അയാളുടെ ഹൃദയത്തിൽ ആന്തരാനുഭൂതിയുടെ കതകു തുറക്കുന്നു. വിശ്വപ്രകൃതിയിലെ വിവിധവസ്തുക്കളെല്ലാംതന്നെ ഒരചിന്ത്യശക്തിയുടെ, ഒരൽഭുതശക്തിയുടെ പ്രേരണയാൽ അന്യോന്യം അഭിസംബദ്ധങ്ങളാണെന്ന് അയാൾക്ക് തോന്നുന്നു. ഇങ്ങിനെയുള്ളൊരു ഘട്ടത്തിൽ കലാകാരൻ എത്തുമ്പോൾ അയാളുടെ കൃതികളെല്ലാം സൌന്ദര്യോത്തേജകങ്ങളായിത്തീരുന്നു.

## കലാവ്യവസായവും ശാസ്ത്രീയപുരോഗതിയും.

ജീവിതത്തിന്റെ മൂന്നു സഹായികളാണ് ശാസ്ത്രവും മതവും കലയും. ജീവിതം പരിപൂർണ്ണമാവണമെങ്കിൽ ഫലപ്രദമാവണമെങ്കിൽ തീർച്ചയായും ഇവരെ കൂട്ടുപിടിയ്ക്കേണ്ടിവരും. ശാസ്ത്രം ഇന്ന് മനുഷ്യനെ ഒരു ഉയർന്ന പദവിയിലെത്തിച്ചിരിക്കുന്നു. പക്ഷെ അതോടൊപ്പംതന്നെ അവനിൽനിന്നു മനുഷ്യത്വത്തെ അപഹരിച്ചിരിക്കുന്നു. അവൻ ശാസ്ത്രത്തെ നശീകരണകഴിവുകൾക്കായി സമർപ്പിയ്ക്കുന്നു. മതമോ? മതം മനുഷ്യനെ അന്ധവിശ്വാസിയാക്കിത്തീർത്തിരിക്കുന്നു. അവനിൽനിന്ന് സ്നേഹം, കാരുണ്യം, ഭൂതദയ മുതലായ അമൂല്യഗുണങ്ങളെ വേർപെടുത്തിയിരിയ്ക്കുന്നു. 'മതം ഒരു മയക്കുമരുന്നാ'ണെന്ന് ലെനിൻ പറഞ്ഞിട്ടുള്ളത് എത്രയും സാർത്ഥകമാണ്. ശാസ്ത്രത്തിന്നും മതത്തിന്നും കലയിൽക്കൂടിയല്ലാതെ വളരാൻ സാധിയ്ക്കുന്നതല്ല. പുതിയ ശാസ്ത്രീയസിദ്ധാന്തങ്ങളും മതപ്രവചനങ്ങളും ജനസാമാന്യത്തെ ബാധിയ്ക്കണമെങ്കിൽ കല കൈചെലുത്തുകതന്നെ വേണം. മനുഷ്യനിൽ മാനുഷികചൈതന്യത്തേയും സാംസ്കാരികസമ്പന്നതയേയും വളർത്തുവാനും അടക്കാൻവയ്യാത്ത ഹൃദയവേദനകളേയും തടുക്കാൻവയ്യാത്ത ആത്മാവിന്റെ തൃഷ്ണകളേയും നികത്തുവാനും വഴിപിഴച്ച ധർമ്മാനുഷ്ഠാനങ്ങളേയും നീതിപാഠങ്ങളേയും പൂർവ്വസ്ഥാനത്തേയ്ക്കുതന്നെ ആനയിയ്ക്കുവാനും കല മുന്നിട്ടുനിന്ന് ശ്രമിയ്ക്കേണ്ടതാകുന്നു.

## കലയും ജീവിതവും.

ജീവിതത്തിന്റെ പശ്ചാത്തലത്തിൽ കലാലാവണ്യത്തെ ഊതി ജ്വലിപ്പിയ്ക്കുകയാണ് യഥാർത്ഥ കലാകാരന്മാർ ചെയ്യേണ്ടത്. 'ഉത്തമജീവിതം നയിക്കുന്ന ഒരാൾ യഥാർത്ഥ കലാകാരനാ'ണെന്നു വിശ്വസാഹിത്യകാരനായ ടോൾസ്റ്റോയി ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ട്. ജീവിതത്തിന്റെ ദൈനന്ദിനാവശ്യങ്ങൾക്ക് അകമ്പടി സേവിക്കാത്ത കലയ്ക്കു ശാശ്വതമായ ശ്ലാഘ ലഭിയ്ക്കുന്നതല്ല. സങ്കീർണ്ണമായ ജീവിതത്തിന്റെ വിവിധവശങ്ങളെ പൂർണ്ണമായി പ്രതിഫലിപ്പിയ്ക്കുകയാണ് കലാകാരന്റെ കർത്തവ്യം' അല്ലാതെ പഴയ സാങ്കല്പിക പരിസരങ്ങളെ വീണ്ടും പുണർന്നു, പൂർവ്വസങ്കേതങ്ങളേയും പൂർവ്വഉപാധികളേയും മുറുകെപ്പിടിച്ച് ഭാവനാശ്ലിഷ്ടനായി സ്വർഗ്ഗീയാനുഭൂതികളെ ചിത്രീകരിച്ചാൽ അതുകണ്ട് വാസ്തവലോകം സ്വീകരിച്ചുവെന്ന് വരില്ല. മാനുഷികാവശ്യങ്ങ

ാംക്കുവേണ്ടി സ്പന്ദിയ്ക്കണം കലാകാരന്റെ ഹൃദയം.

## കലാകാരന്റെ ചുമതല.

കലാകാരൻ ഒരു പ്രത്യേകപാർട്ടിയുടെ പ്രതിനിധിയല്ല. അയാൾ മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയാണ്. ആത്മസാക്ഷാത്ക്കാരം(self realisation) സാധിയ്ക്കുകയാണു കലാകാരൻ ചെയ്യേണ്ടതു്. "ദേശീയജീവിതത്തെ സമുജ്ജ്വലമാക്കുക, ദേശീയജീവിതത്തിനു ഊർജ്ജസ്വലതയും ഉന്നതവികാരങ്ങളും ഉളവാക്കുക, ഏതു മാനുഷികകലയുടെയും പരമോദ്ദേശ്യം ഇതാണ്," എന്നു വിശ്വസാഹിത്യകാരനായ ഇക്ബാലും, "രണ്ടു വ്യക്തികൾ മാത്രമേ സൃഷ്ടികർത്താക്കളായുള്ളൂ. ഒന്നു ദൈവവും മറേറതു കലാകരനും" എന്നു ആംഗ്ലേയ ചിന്തകനായ 'ഷെല്ലി'യും പറഞ്ഞിട്ടുള്ളതു് പ്രത്യേകം സ്മർത്തവ്യമാണു. അടിസ്ഥാനരഹിതങ്ങളായ അന്ധവിശ്വാസങ്ങളുടെ മുമ്പിൽ അനാശാസ്യങ്ങളായ അനാചാരങ്ങളുടെ മുമ്പിൽ, അന്ധങ്ങളായ പാരമ്പര്യങ്ങളുടെ മുമ്പിൽ സകല കഴിവുകളും സമർപ്പിച്ചു് കണ്ണീരിലും ചോരയിലും വേദനയിലും നീന്തിക്കൊണ്ടു കരകാണാതെ കരയുന്ന ഒരു വമ്പിച്ച ജനവിഭാഗത്തെ സാന്ത്വനം ചെയ്യുകയാണ് ഒരു യഥാർത്ഥക്കലാകാരൻ ചെയ്യേണ്ടതു്.

പുലാക്കാട്ടു രവീന്ദ്രൻ,
ജൂനിയർ ഇന്റർ.



FLOUR MILL
M. P. R. C. Menon.

# സിനിമയുടെ സാംസ്കാരികമൂല്യം

(ടി. ഖാലിദ്, ജൂനിയർ ഇൻറർ.)

ആധുനികമനുഷ്യൻെറ ജീവിതാവശ്യങ്ങളിലൊന്നായിത്തീർന്നിട്ടുണ്ട് സിനിമ. ബഹുജനങ്ങളെ അത്യധികം ആകർഷിക്കുവാനും അവരുടെ മനസ്സിനെ യഥേഷ്ടം വലിച്ചിഴക്കാനും സിനിമയ്ക്കു് സാധിച്ചിരിക്കുന്നു. അതു അതിപ്രധാനമായ ഒരു നേട്ടംതന്നെയാണ്. ശുദ്ധാത്മാക്കളായ പൊതുജനങ്ങളിൽ സ്വാധീനത ചെലുത്താനുള്ള കഴിവാണ് ഒരു കലയുടെയോ വ്യവസായത്തിൻെറയോ വിജയത്തിൻെറ മാനദണ്ഡം. ഇന്ത്യയുടെ മുഖ്യമായ വ്യവസായങ്ങളിൽ എട്ടാം സ്ഥാനം സിനിമാവ്യവസായം കൈക്കലാക്കിയിരിക്കുന്നു എന്ന പരമാർത്ഥത്തിൽനിന്നു, സിനിമയുടെ സ്വാധീനത നല്ലപോലെ വ്യക്തമാണ്.

ഇന്നു സിനിമ നമ്മുടെയിടയിൽ വെറും വിനോദത്തിന്നു മാത്രമുള്ളതായിട്ടാണ് പരിഗണിക്കപ്പെടുന്നത്. എന്നാൽ, ആധുനികലോകത്തു ഒരു പ്രചരണമാർഗമെന്നും അദ്ധ്യയനമാർഗമെന്നുമുള്ള നിലയ്ക്കു സിനിമ അതിലേറെ പ്രാധാന്യമർഹിക്കുന്നുണ്ട്. റേഡിയോ, പത്രങ്ങൾ, പുസ്തകങ്ങൾ, പ്രദർശനം എന്നിവയോളമോ അതിലേറെയോ പ്രാധാന്യം ഈ വിഷയത്തിൽ അതിനുണ്ട്. മേൽച്ചേർത്ത ചില ഉപാധികളെക്കാളേറെ പൊതുജനങ്ങളുടേയും തൊഴിലാളികളുടേയും ഇടയിൽ കടന്നുചെല്ലാനുള്ള കഴിവ് സിനിമയ്ക്കാണുള്ളത്. ഇതിൻെറ പ്രാധാന്യം ഗവൺമെണ്ടു നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ടെന്നുള്ളതിന്നു തെളിവുകളാണു 'ന്യൂസ് റീലു'കൾ.

യുദ്ധകാലങ്ങളിലാണ് നാം ന്യൂസ്‌റീലുകളുടെ കഴിവും കാതലും കണ്ടത്. ബ്രിട്ടൻെറ തേർവാഴ്ച്ചക്കാലത്ത്, സഖ്യസേനകളോടു കൂറും ആദരവും പൊതുജനങ്ങളിൽ വളർത്താൻ അവ അത്യധികം സമർത്ഥമായി. മാത്രമല്ല, ആഫ്രിക്കയിലേയും ബർമ്മയിലേയും സമരമുന്നണികളിൽ ഇന്ത്യൻ യോദ്ധാക്കൾ വഹിച്ച മഹനീയമായ പങ്കിൽ ആവേശഭരിതരായി എത്ര ആയിരം ഇന്ത്യൻയുവാക്കൾ പട്ടാളത്തിൽ ചേർന്നിട്ടുണ്ടെന്നു അത്തരം ഒരു കാനേഷുമാരികണക്ക് എടുത്തിരുന്നെങ്കിൽ നമുക്കു വ്യക്തമാവുമായിരുന്നു! ഇന്നും സ്വതന്ത്ര ഇന്ത്യയിൽ ജനകീയഗവൺമെണ്ടിൻെറ തുച്ഛമായ നേട്ടങ്ങൾ ന്യൂസ്‌റീലുകളിലൂടെ പ്രദർശിപ്പിക്കപ്പെടുമ്പോൾ, എത്രയധികം വിപ്ലവാവേശങ്ങൾ നിറഞ്ഞവനായാലും ശരി, അല്ലമെങ്കിലും ഗവൺമെണ്ടിനോടു സഹതാപവും സ്നേഹവും തോന്നുന്നതു വെറും അനുഭവം മാത്രമാണ്. ഇങ്ങനെ, ന്യൂസ്‌റീലുകളുടെ ഈ അത്ഭുതസിദ്ധികളിൽനിന്നുതന്നെ സിനിമകൊണ്ടുള്ള സാംസ്കാരികമായ സാദ്ധ്യതകളും തെളിഞ്ഞുകാണാം.

സിനിമാഹാളിലെ കാണികളെ നിരീക്ഷിക്കുമ്പോൾ നമുക്കു ഒരു കാര്യം അനുഭവപ്പെടുന്നു: എത്രതന്നെ വിഷമതകളും അരിഷ്ടതകളും നിറഞ്ഞവനായാലും, അതിരററ താപവും കോപവും ഉൾക്കൊള്ളുന്നവനായാലും, പട്ടിണിയുടേയും ഇല്ലായ്മയുടേയും നെല്ലിപ്പടി കണ്ടവനായാലും, സിനിമാഹാളിൽ പ്രവേശിച്ചു കഴിഞ്ഞാൽ ആനന്ദഭരിതനാവുന്നതും, കൃഷ്ണൻെറയോ ദേശായിയുടെയോ ദീക്ഷിത്തിൻെറയോ പൊടിക്കൈകൾ കാണുമ്പോൾ ചിരിച്ചു മണ്ണുകപ്പുന്നതും നാം കാണുന്നു. ഇതിൽനിന്നു വ്യക്തമാവുന്നതു് ഈ കലയുടെ അന്യാദൃശമായ ആനന്ദാത്മകതമല്ലാതെ മറെറാന്നല്ല. അതുപോലെ, ശോകാത്മകങ്ങളായ പടങ്ങൾ കണ്ടു എഴുന്നേററുവരുമ്പോൾ നമ്മുടെ കണ്ണുകൾ നാമറിയാതെ നനഞ്ഞിട്ടുമുണ്ടാവും.

ഇത്രത്തോളം പറഞ്ഞതു്, സിനിമയ്ക്കു ജനഹൃദയങ്ങളിൽ വരുത്താൻ കഴിയുന്ന മാററങ്ങൾ എത്രത്തോളം കനത്തതാണെന്നു കാണിക്കാൻ മാത്രമാണ്.

എന്നാൽ സാംസ്കാരികമോ വിദ്യാഭ്യാസപരമോ ആയ തുറകളിൽ, ഇന്നു നിർമ്മിച്ചുവരുന്ന ചലച്ചിത്രങ്ങൾ വല്ല സ്ഥാനവും അർഹിക്കുന്നുണ്ടോ; ഇല്ലെന്നുതന്നെ പറയാം. മനുഷ്യനോളം പഴക്കമേറിയ, യുവതീയുവാക്കളുടെ പ്രേമചരിത്രമല്ലാതെ മറെറാന്നും സിനിമയ്ക്കു വിഷയമായി തിരഞ്ഞെടുത്തുകൂടെന്ന സ്ഥിതിയാണിന്നു. അത്ഭുതകരമെന്നോണം യുവാവ് യുവതിയെ കണ്ടുമുട്ടുന്നതും, തുടർന്നു ആട്ടവും പാട്ടും, പക്ഷെ ഇടയ്ക്കു 'അനുരാഗനാടിക്കു ഒരു വിഘ്ന'വും, മിക്കവാറും മായകൊണ്ടു തടസ്സങ്ങൾ നീങ്ങി, വധൂവരന്മാർ വിവാഹരംഗത്തിൽ പ്രവേശിക്കുന്നതും കണ്ടു നമ്മുടെ കണ്ണുകൾ മങ്ങിയും ആത്മാക്കൾ മയങ്ങിയും പോയിരിക്കുന്നു. മേൽച്ചേർത്ത കഥ മറിച്ചായെന്നുംവരാം. ആനന്ദത്തിൽനിന്നാരംഭിച്ചു, അനിഷ്ടങ്ങളിലൂടെ മുന്നോട്ടുനീങ്ങി, അഭികാമ്യമായ പ്രാണത്യാഗത്തിൽ ചെന്നവസാനിക്കുന്ന കഥ. ഈ പഴഞ്ചൻ സമ്പ്രദായത്തിന്നു ഒരു മാററം അത്യാവശ്യമാണ്. ഇടയ്ക്കിടെ കാണുന്ന രജതരേഖകൾക്ക് ഈ തമോനിബിഡതയെ മാററാനുള്ള കഴിവില്ല. മനുഷ്യരെ ദൈനംദിനപ്രശ്നങ്ങളിൽനിന്നു അകററിനിർത്തുന്നതിൽ തൽപരരായവർ ചലച്ചിത്രവ്യവസായത്തിൻെറ കടിഞ്ഞാൺ പിടിക്കുന്നതുകൊണ്ടാണിതു്. പ്രേമമല്ലാതെ, മനുഷ്യനെ അഭിമുഖീകരിക്കുന്ന മറെറാരു പ്രശ്നമില്ലെന്നു വരുത്താനുള്ള ഒരു ശ്രമമാണിതു്. അതിനാൽ മൗലികമായിത്തന്നെ ഒരു പരിവർത്തനം സിനിമാകലയിൽ അനിവാര്യമായിത്തീർന്നിരിക്കുന്നു.

എന്നിരിക്കിലും, സാംസ്കാരികോദ്ദേശ്യമില്ലാത്തതും വെറും വിനോദാത്ഥം സൃഷ്ടിക്കപ്പെട്ടതുമായ പടങ്ങളിൽനിന്നുതന്നെ നാം എന്തെല്ലാം ഗ്രഹിക്കുന്നു! അവ എത്രമാത്രം സ്വാധീനശക്തി നമ്മുടെമേൽ ചെലുത്തുന്നു! ശാന്താറാമിൻെറ ഡോ. കോട്നിസ്, ന്യൂതിയേറേറഴ്സിൻെറ ഡോക്ടർ, പ്രസിഡണ്ട് എന്നീ ഇന്ത്യൻപടങ്ങളും, ഗുഡ് എത്ത്, എമിലിസോള എന്നീ ഇംഗ്ലീഷുപടങ്ങളും അവയിൽ ചിലതാണ്. ഈ പടങ്ങളിൽ നിന്നെല്ലാം നമുക്ക എന്തെല്ലാം ഗ്രഹിക്കാനും പഠിക്കാനുമുണ്ട്!

ഉദാഹരണത്തിന്നു, യാതനായനുഭവിക്കുന്ന ജനതയെ സഹായിക്കുകയെന്ന മഹത്തായ ആദർശവും ഒരു സാർവ്വദേശീയ മനോഭാവവുമാണ് ഡോ: കോട്നീസ്'' നമ്മിൽ കുത്തിവെക്കുന്നത്. കോട്നീസ് മരിച്ചുവീഴുന്ന ചൈനയിലെ മണ്ണു നമ്മുടെ സ്വന്തം മണ്ണാണെന്നു നമുക്ക തോന്നിപ്പോകുന്നു. ഇന്ത്യക്കാർ, ചൈനക്കാർ എന്ന ഭേദം നാം വിസ്മരിക്കുന്നു. മാനവസമുദായം ഒന്നാണെന്ന അടിസ്ഥാനത്തിൽ അറിയാതെ തന്നെ നാം ചിന്തിച്ചുപോകുന്നു. 'പ്രസിഡണ്ടി'നെ സംബന്ധിച്ചേടത്തോളമാണെങ്കിൽ, അതു വ്യവസായവിപ്ലവത്തെ തുടന്നുണ്ടായ തൊഴിലാളി മുതലാളിബന്ധത്തെ നമ്മെ ശരിയായ നിലയിൽ ധരിപ്പിക്കുകയാണ് ചെയ്യുന്നത്. വർഗ്ഗങ്ങളുടെ ചേരിപിരിയലിനെ സംബന്ധിച്ച ഒരായിരം പ്രസംഗങ്ങളെക്കാളും ആ പടത്തിന്നു ശക്തിയും ഊക്കുമുണ്ട്. 'എമിലിസോള'യെടുക്കുകയാണെങ്കിൽ, സത്യത്തിന്നും നീതിക്കും വേണ്ടി തൻെറ അവസാനശ്വാസംവരെ തൂലികകൊണ്ടു പൊരുതിയ ആ മഹാനായ ഫ്രഞ്ചുസാഹിത്യകാരൻെറ ജീവിതത്തെക്കുറിച്ചുള്ള ആ ചിത്രീകരണം നമ്മുടെ കൺമുമ്പിൽ വെച്ചു നടക്കുന്ന ഒരു യഥാർത്ഥസംഭവമെന്നപോലെ നമ്മെ ആവേശം പിടിപ്പിക്കുന്നു. അദ്ദേഹം യാതൊന്നിനെ തൻെറ ജീവിതാദർശമാക്കിയോ ആ സത്യമെന്ന മഹത്തായ ലക്ഷ്യത്തിൻെറ പക്ഷം ചേരാൻ അതു നമ്മെയും നിർബ്ബന്ധിക്കുന്നു. ഇങ്ങിനെ മനുഷ്യരെ അവരറിയാതെതന്നെ പല ആദർശക്കാരും അഭിപ്രായക്കാരുമാക്കുവാനുള്ള സിനിമയുടെ കഴിവു മനസ്സിൽ വെച്ചുകൊണ്ടാണ് ചരിത്രത്തിലെ ഏററവും വിപ്ലവകാരികളിലൊരാളായ ലെനിൻ "സിനിമ ഏററവും ശക്തിമത്തായ ഒരു പ്രചരണായുധമാണെന്നു പറഞ്ഞത്.

എന്നാൽ, വ്യക്തമായ സാംസ്കാരികോദ്ദേശ്യമില്ലാത്ത പടങ്ങൾകൊണ്ടു നമുക്ക വലിയ പ്രയോജനമില്ല. ഇന്നത്തെ സിനിമാഡയരക്ടർമാരുടേയും വ്യവസായികളുടേയും വീക്ഷണഗതിതന്നെ മാറേറണ്ടിയിരിക്കുന്നു. ബോക്സ് ഓഫീസിലെ വരവനുസരിച്ച്, സാധാരണക്കാരനെ വഴിപിഴപ്പിക്കുന്ന പടങ്ങളുടെ നിമ്മാണം കശനമായി നിത്തേണ്ടിയിരിക്കുന്നു. എന്നാൽ ഇന്നു നമ്മുടെ ഗവമ്മേണ്ടും ഫിലിം സെൻസർബോർഡും അവലംബിക്കുന്ന മാഗ്ഗം അപലപനീയമത്രെ. നല്ല പടങ്ങളെ വികൃതമാക്കുകയും, വൈകൃതങ്ങൾ അധികമുള്ളവയെ പ്രോത്സാഹിപ്പിക്കുകയുമാണ്. ഇന്നു സെൻസർമാർ ചെയ്യുന്നത്. ഇത് സിനിമാപ്രേമികളോടും പൊതുജനങ്ങളോടും ചെയ്യുന്ന പ്രത്യക്ഷമായ അനീതിയാണ്

ഒരു രാഷ്ട്രത്തിൻെറതന്നെ വീക്ഷണഗതിയും നിലപാടും വ്യക്തമാക്കാൻ അതതു രാഷ്ട്രങ്ങളിൽ നിമ്മിക്കുന്ന പടങ്ങൾക്ക കഴിയും. അമേരിക്കൻ ജീവിതത്തിൻെറ ഒന്നാന്തരം മാതൃകകളാണ് അമേരിക്കൻ പടങ്ങൾ. സോവ്വിയററ് യൂനിയൻെറ വ്യാവസായികമായും സാംസ്കാരികമായുമുള്ള പുരോഗതിയുടെ കനത്ത കാൽമുദ്രകൾ ഓരോ സോവ്യററ് ചിത്രത്തിലും കാണാം ഇന്ത്യയും ഈ പൊതുതത്വത്തിൽനിന്നു ഭിന്നമല്ല. വിശാലമായ ഇന്ത്യയിൽ ബങ്കാളിലും ബോമ്പെയിലും നിമ്മിക്കുന്ന പടങ്ങൾ തമ്മിൽ നന്നെ വൈജാത്യമുണ്ട്. വിവേകാനന്ദൻേറയും ടാഗോറിൻേറയും റാംമോഹൻ റോയിയുടേയും സംസ്കാരത്തിൻെറ വെളിച്ചംതട്ടുന്ന് ബങ്കാളിപടങ്ങൾ കൂടുതൽ തത്വജ്ഞാനപരമായിരിക്കുമ്പോൾ, ബോമ്പെ പടങ്ങൾ ജീവിതത്തിലെ പ്രണയസംബന്ധിയായ വശങ്ങൾ മാത്രം പ്രകാശിപ്പിക്കുന്നു ഒരു ദേശത്തിൻെറ സംസ്കാരം പ്രകാശിപ്പിക്കുവാൻ സിനിമക്കു കഴിയുമെങ്കിൽ, ആ സംസ്കാരത്തിൻെറ മേൽ നിഴൽ വീഴ്ത്തുവാനും സംസ്കാരത്തിനു നവജീവൻ നൽകാനും അവയ്ക്കു കഴിയുമെന്നത് തീച്ചയാണ്. ഇതിന്നൊക്കെയും, ചലച്ചിത്രങ്ങൾകൊണ്ടു കൈകാര്യം ചെയ്യുന്നവർ തങ്ങൾ ജനങ്ങളിൽ വരുത്തുന്ന വ്യത്യാസത്തെക്കുറിച്ചു, ചിത്രങ്ങൾക്ക ജനങ്ങളുടെ സംസ്കാരത്തെ രൂപപ്പെടുത്തുന്നതിലുള്ള സ്വാധീനശക്തിയെക്കുറിച്ചു, ഓർമ്മിക്കുന്നത് നന്ന്.

വിനോദത്തിൽകൂടി ജനങ്ങളെ കാര്യം മനസ്സിലാക്കുന്നതിനു മാത്രമായും സിനിമ ഉപയോഗപ്പെടുത്താം. സോവ്യററ്‌യൂനിയൻ, അമേരിക്ക മുതലായ രാഷ്ട്രങ്ങൾ ഇതിൽ നമുക്ക മാതൃക നൽകുന്നുണ്ട്. അവിടെ കിൻഡർ ഗാർട്ടർ സ്കൂളുകൾ തുടങ്ങി, മെഡിക്കൽ കോളേജുകൾവരെ അദ്ധ്യയനാവശ്യാത്ഥം ചലച്ചിത്രം ഉപയോഗിക്കുന്നു. ഈ പദ്ധതികൊണ്ടു പല മെച്ചങ്ങളുമുണ്ട്. ഒന്നാമത്, അധ്യേതാക്കളുടെ ഹൃദയത്തിൽ പൂണ്ണവും ദൃഢവുമായ രൂപം വരച്ചുവെക്കാനുള്ള സിനിമയുടെ സർവ്വസമ്മതമായ കഴിവ്. മറെറാന്നു, വാക്കുകളും സമയവും വ്യയം ചെയ്യുന്നതിൽ വരുന്ന ലാഭം. മാത്രമല്ല, ഉയന്ന ക്ലാസുകളിൽ ലാബൊർട്ടറികളിലും മററും ചെയ്യുന്ന പരീക്ഷണങ്ങൾക്ക ചലച്ചിത്രങ്ങൾവഴി നിട്ടേശം നൽകുകയാണെങ്കിൽ അതെത്ര മാത്രം പ്രയോജനകരമായിരിക്കും!

ഈയൊരു നിർദ്ദേശം വിദ്യാലയാധികൃതന്മാരുടെ പരിഗണനയ്ക്കു വിധേയമാവുമെന്നു പ്രതീക്ഷിക്കുന്നു. നിമ്മാതാക്കളും വിദ്യാലയാധികൃതന്മാരും ഗവമ്മേണ്ടും സഹകരിച്ചാൽ ഇ

ത്തരം മഹനീയമായ പദ്ധതികൾ പ്രയോഗത്തിൽ വരുത്താൻ കഴിയും.

അതിനുംപുറമെ, ഇപ്പോൾ സൃഷ്ടിക്കപ്പെടുന്ന ന്യൂസ്റീലുകളിൽ ഗവമ്മേണ്ടു കുറെക്കൂടി ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. സംഭവങ്ങളുടെ ചിത്രീകരണം മാത്രമല്ല, പൊതുജനങ്ങളെ ആവേശംകൊള്ളിക്കുന്ന മററു പല രാഷ്ട്രനിമ്മാണപദ്ധതികളുടെ വശങ്ങളും ഗവമ്മേണ്ടു പ്രദശിപ്പിക്കേണ്ടതാണ്. അതിനുംപുറമെ ഇന്ത്യൻ സാംസ്കാരികപടങ്ങൾതന്നെ, ഉദാഹരണമായി ചരിത്രപരമായ മന്ദിരങ്ങളും ഗുഹാക്ഷേത്രങ്ങളും മററും, നിമ്മിച്ചു വിതരണംചെയ്യണം.

അങ്ങനെ മററു ഗവമ്മേണ്ടുകൾ ചെയ്യുന്നതുപോലെ, പൊതുജനങ്ങളെ ആകമാനം ബാധിക്കുന്ന കാര്യങ്ങൾക്കു സിനിമയെ ഉപയോഗപ്പെടുത്തുന്നതിലും, തദ്വാരാ ദൃശ്യവിദ്യാഭ്യാസം Visual education) അഭിവൃദ്ധിപ്പെടുത്തുന്നതിലും ഗവമ്മേണ്ടു മുൻകൈ എടുക്കണം.

വിജ്ഞാനപരവും സാംസ്കാരികവുമായ പ്രചരണത്തിനുള്ള ഉപാധികളെന്ന നിലയിൽ റേഡിയോ, പുസ്തകങ്ങൾ, പ്രദശനം മുതലായവക്ക് അതാതിൻെറ മണ്ഡലങ്ങളിലുള്ള ശക്തിയും സ്വാധീനതയും നിഷേധിക്കാവതല്ലെങ്കിലും സിനിമയെപ്പോലെ അത്ര സുശക്തവും സജീവവുമായ ഒരു ഉപാധിശാസ്ത്രം മനുഷ്യൻെറ കയ്യിൽ ഇതുവരെ നൽകിയിട്ടില്ലെന്നു തീർത്തുപറയാം. ശാസ്ത്രത്തിൻെറ നേട്ടങ്ങൾ മനുഷ്യൻെറ സഹായത്തിനും സംഹാരത്തിനും ഒരുപോലെ ഉപയോഗിക്കപ്പെടുന്നുണ്ടെന്ന സംഗതിയോക്കുമ്പോൾ ആധുനികമനുഷ്യനു ലഭിച്ചിട്ടുള്ള ഈ മഹത്തായ അനുഗ്രഹം— സിനിമ— വേണ്ടവിധത്തിൽ ഉപയോഗിച്ചില്ലെങ്കിൽ മനുഷ്യൻെറ അപകഷത്തിനും അതുതന്നെ ഇടയാക്കിയേക്കും എന്ന സംഗതി നാം വിസ്മരിക്കരുത്. ചലച്ചിത്രകലകൊണ്ടു കൈകാര്യം ചെയ്യുന്നവർ ഓത്തിരിക്കേണ്ട പ്രധാനസംഗതിയാണിത്.



TEA GIRL
M. P. Ramachandra Menon.

# പുരോഗമനസാഹിത്യം

മലയാളസാഹിത്യനഭോമണ്ഡലത്തിൽ അടുത്തകാലത്തായി വലിയ ശബ്ദ കോലാഹലമുണ്ടാക്കികൊണ്ടിരിക്കുന്ന ഒന്നാണ് പുരോഗമനസാഹിത്യം. നമ്മുടെ സാഹിത്യകാരന്മാർ ഇന്നു പല ചേരികളിലായി തിരിഞ്ഞുകഴിഞ്ഞിട്ടുണ്ടു്.

ഈ സന്ദർഭത്തിൽ നമ്മുടെ സാഹിത്യത്തിന്റെ പൂർവ്വകാലചരിത്രത്തിലേക്കു ഒന്നു കണ്ണോടിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. സംസ്കൃത പാണ്ഡിത്യമില്ലാത്ത ഒരാളെ സാഹിത്യകാരൻ എന്നു സന്ദേഹിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അന്നന്നെ കവിതകൾ മിക്കവാറും സംസ്കൃതഭാഷാഭ്യസനത്തിന്റെ ബഹിർഗ്ഗമനങ്ങൾ മാത്രം ആയിരുന്നു. രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും സമുദായത്തിലെ ഉയർന്ന ആളുകൾക്കും മാത്രം അധികാരമുള്ള ഒന്നായി സാഹിത്യത്തെ ഗണിച്ചിരുന്നു. നമ്മുടെ ഭാഷയിൽ കവിത എന്നാൽ പാണ്ഡിത്യമെന്നായിരുന്നു അന്നത്തെ അർത്ഥം. ഒന്നുകിൽ ഈശ്വരൻ അല്ലെങ്കിൽ രാജാവ്, അതുമല്ലെങ്കിൽ പുരാണവസ്തുകൾ ഇവയായിരുന്നു അന്നത്തെ കവികളുടെ ശ്രദ്ധാവിഷയങ്ങൾ. രാജാക്കന്മാരെയോ, പ്രഭുക്കന്മാരെയോ പ്രീണിപ്പിക്കുന്നതിനുവേണ്ടി മാത്രം ചെയ്യപ്പെടുന്ന ഒരു സാഹിത്യവ്യാപാരം ഒരിക്കലും സ്വതന്ത്രമായിരിക്കാൻ നിവൃത്തിഇല്ല. ഇങ്ങനെയുള്ള ഒരു കാലഘട്ടത്തിലാണ് മഹാകവി കുമാരനാശാൻ തന്റെ സാഹിതീസേവനം ആരംഭിച്ചത്. അദ്ദേഹം പല പ്രതിബന്ധങ്ങളേയും നേരിട്ടാണ് ജനങ്ങൾക്ക് ആവശ്യമുള്ള കാവ്യതല്ലജങ്ങൾ കൈരളീദേവിക്ക് സമർപ്പിച്ചതു്. അദ്ദേഹത്തിന്റെ കാലത്തിനുമുമ്പുവരെ കേവലം വിനോദത്തിനും പാണ്ഡിത്യത്തിനും ഉള്ള ഒരു ഉപകരണത്തിൽ കവിഞ്ഞു നമ്മുടെ സാഹിത്യത്തിനു സൃഷ്ടിപരമായ ഒരു മെച്ചവും ഉണ്ടായിരുന്നില്ല. കുഞ്ചൻനമ്പ്യാർ ഇതിനു വ്യത്യസ്തമായ നിലയിൽ ചിലതു് ചെയ്തിട്ടുണ്ടെങ്കിലും അത്ര കാര്യമായി സമുദായപരിഷ്കരണം ഉണ്ടായിട്ടില്ല.

എന്നാൽ കാലത്തിനു കാര്യമായ പരിവർത്തനം വന്നുകഴിഞ്ഞു. നാമിന്നു ദുർഭിക്ഷതയിൽ ദാരിദ്ര്യത്തിന്റെ കരാളദംഷ്ട്രങ്ങളിൽപെട്ടു നരകയാതന അനുഭവിക്കുന്ന ഒരു നിലയിലെത്തിയിരിക്കയാണ്. സുഭിക്ഷതയിൽ മുഷിഞ്ഞു പാവങ്ങളുടെ രക്തത്തുള്ളി കൊണ്ടു പടുത്ത പള്ളിമേടയിൽ അലസമായി ചൂഷണവും നടത്തി ജീവിക്കുന്ന ഒരുകൂട്ടം ആളുകൾ ഒരു വശത്തു്, പട്ടിണിയിലും പരവശതയിലും പാടുപെട്ടു ഒട്ടിയ വയറും, ചുക്കിച്ചുളിഞ്ഞ കവിളും കേവലം മനുഷ്യരൂപങ്ങളും മാത്രമുള്ള കുറെ ആളുകൾ വേറൊരുവശത്ത്. ഇങ്ങനെ നാകവും നരകവുംപോലെ വ്യത്യാസമുള്ള ഒരു നിലയാണ് നമ്മുടെ നാട്ടിൽ ഇന്നുള്ളതു്. ഈ വ്യത്യാസം മാറി ഒരു സാമ്പത്തികസമീകരണം കൈവരാതെ സമാധാനവും സുഖവും അസാദ്ധ്യമായ സംഗതിയാണെന്നുള്ളതു് ഒരു ചരിത്രയാഥാർത്ഥ്യം മാത്രമാണ്.

ഈ സന്ദർഭത്തിൽ ജനങ്ങൾക്കു വേണ്ട ഉത്തേജനം കൊടുക്കുന്നതും അവരെ പ്രവൃത്തിപദ്ധതിയിലേക്കു ആനയിക്കുന്നതും മനുഷ്യസ്നേഹികളായ യഥാർത്ഥ കവികളുടെ ജീവിതനിർവ്വിശേഷമായ കർത്തവ്യമാണ്. അല്ലാതെ ചുററുപാടുകളുടെ മുമ്പിൽ കണ്ണുമടച്ച് പ്രതിബന്ധത്തിന്റെമുമ്പിൽ ഭീരുത്വം കാണിച്ച് പിൻമാറുകയല്ല സാഹിത്യകാരന്റെ കർത്തവ്യം. യാഥാർത്ഥ്യങ്ങളെ തുറന്നു കാണിച്ച അതാതു കാലത്ത് മനുഷ്യസമുദായത്തിന്റെ പുരോഗതിക്കുവേണ്ടി ഉപകരിക്കുന്ന സാഹിത്യമാണ് പുരോഗമനസാഹിത്യമെന്നുള്ളതു് എല്ലാവരും സമ്മതിച്ചിട്ടുള്ള ഒരു സംഗതിയാണ്. ഭാരതസ്വാതന്ത്ര്യമെന്നോ, മഹാത്മാഗാന്ധി എന്നോ, പറഞ്ഞതുകൊണ്ടോ നമ്മുടെ പുരാതന സംസ്കാരത്തെ പുകഴ്ത്തി കവിതകൾ എഴുതിയതുകൊണ്ടോ ഒരാൾ ജനകീയ കവിയാകുന്നില്ല. തന്റെ ചുററുപാടുമുള്ള വിഷമത അനുഭവിക്കുന്നവരുടെ ദുരിതങ്ങളിൽ പങ്കുകൊള്ളാനും അതിനു ഒരു പൂർണ്ണവിരാമം ഇടുന്നതിനു പ്രവർത്തിക്കുവാനും ഉള്ള സന്മനസ്സും ആയാൾക്കുണ്ടായിരിക്കണം. തന്റെ കവിതകളും പ്രവർത്തനങ്ങളുമെല്ലാം ആത്മാർത്ഥതയുടെഅടിത്തട്ടിൽനിന്നും ഉൽഭൂതമാകുന്നവ ആയിരുന്നാൽ മാത്രമേ അതുകൊണ്ടു പ്രയോജനമുള്ളു. അല്ലാതെ ഇന്നത്തെ ചിലവലിയ സാഹിത്യകാരന്മാരെന്നഭിമാനിക്കുന്നവരെപോലെ പാഠ്യപുസ്തകങ്ങൾക്കും, പണമുണ്ടാക്കുന്നതിനും വേണ്ടി മാത്രം എഴുതുന്നവർക്കു ഒരിക്കലും ജയകീയകവികളാകുവാൻ സാധ്യമാകുകയില്ല. അവരുടെ വാക്കു് സാധാരണ ജനങ്ങൾ വിശ്വസിക്കയുമില്ല

ജീവിതത്തിന്റെ ഇരുണ്ട വശങ്ങളെ ചിത്രീകരിക്കുന്നതിനെ മാമൂൽപ്രിയന്മാരായ ചില സാഹിത്യകാരന്മാർ എതിർത്തുകാണുന്നു. എന്നാൽ നാം ആരാധിക്കുന്ന, ബഹുമാനിക്കുന്ന പുരാണങ്ങളിലേക്ക് ഒന്നു കടക്കാം. അതിൽ വ്യഭിചാരത്തേയും, അശ്ലീലപ്രവർത്തനങ്ങളെയും കുലങ്കഷമായി വർണ്ണിച്ചിട്ടുണ്ടു്. അവയെല്ലാം നല്ല കാവ്യങ്ങളാണെന്നു എല്ലാവരും സശിരഃകമ്പം സമ്മതിക്കയും ചെയ്യുന്നുണ്ടു്. എന്നാൽ വയറുപൊരിയുമ്പോൾ നഗ്നതമറക്കുവാൻ നിവൃത്തി ഇല്ലാത്തപ്പോൾ തന്റെ കുട്ടികൾക്ക് അരക്കഞ്ഞികൊടുക്കുവാൻ ഗത്യന്തരമില്ലാത്തപ്പോൾ സദാചാരബോധത്തെ മറന്നു ചാരിത്രം വിററതിന്നുപോകുന്ന സ്ത്രീകളെപററി വർണ്ണിച്ചുകൂടാ. അവരെ അങ്ങനെ ഉള്ള ഒരു ചുററുപാടിൽ എത്തിച്ചേർക്കുന്ന വ്യവസ്ഥിതിയെപ്പററി ആ കലാകാരനു ഒന്നും പറയുവാനുമില്ല. വിപ്രലംഭശൃംഗാരജടിലമായ ഗീതഗോവിന്ദവും മററും വീടുകളിൽ അമ്മക്കും

അച്ഛനും മക്കാംക്കുംകൂടി പാടാം; ഭക്തിപരവശരാകാം. ഇതിനെല്ലാം ഒരു സമാധാനം അവർ പറയുന്നുണ്ട്. അവയെല്ലാം പുരാണങ്ങളും ഈശ്വരനെ സംബന്ധിക്കുന്നവയും ആണുപോലും. പുരാണമാകുന്ന മറപിടിച്ചുകൊണ്ടു ഏതു് നികൃഷ്ടപ്രവൃത്തി ചെയ്യുന്നതിനേയും അവർ എതിർക്കുന്നില്ല. എന്നാൽ നാം ദൈനംദിനം കണ്ടുകൊണ്ടിരിക്കുന്ന സാധാരണസംഭവങ്ങൾ വർണ്ണിച്ചാൽ അ അവർ അരിശംകൊള്ളുകയുംചെയ്യും.

സാഹിത്യകാരന്മാർ അവരുടെ ഭാവനാലോകത്തുനിന്നു സാധാരണക്കാരുടെ ഇടയിലേക്കു ഒന്നു ഇറങ്ങിവരണമെന്നുമാത്രമെ പുരോഗമനസാഹിത്യകാരന്മാർ പറയുന്നുള്ളു. വ്യഭിചാരത്തെ വർണ്ണിക്കുന്നതു അതിനെ പ്രോത്സാഹിപ്പിക്കുവാനല്ല. പിന്നെയോ ഒരു സ്ത്രീക്ക് ചാരിത്രം വിററതിന്നേണ്ടിവരുന്ന ചുററുപാടുകൾ ഏവയാണെന്നു പൊതുജനങ്ങളെ മനസ്സിലാക്കുന്നതിനും അതിന്നു് ഒരു ഉപശാന്തി കണ്ടുപിടിക്കുന്നതിനു നാട്ടുകാരുടെ ശ്രദ്ധ പതിപ്പിക്കുന്നതിനും വേണ്ടിമാത്രമാണ്

സ്വതന്ത്രരായ നമുക്കു പല സാഹിത്യപ്രസ്ഥാനങ്ങളും ആവശ്യമാണ്. സാഹിത്യത്തിന്റെ പുരോഗതിക്കു അവ കൂടിയേകഴിയൂ. ഓരോ പ്രസ്ഥാനക്കാരും അവരുടെ കലാകർമ്മം മാത്രമാണ് ഉൽകൃഷ്ടമെന്നും അതുകൊണ്ടുമാത്രം കലയുടെ പൂർണ്ണത പ്രാപിക്കാമെന്നും ദുരഭിമാനംകൊള്ളുന്നതു ഒരിക്കലും ആശാസ്യമല്ല പുരോഗമനസാഹിത്യമെന്നു കേട്ടാൽ ഞെട്ടുന്ന കുറെ വയസ്സൻസാഹിത്യകാരന്മാർ നമുക്കുണ്ട്. അതുപോലെത്തന്നെ നേരത്തെ എഴുതിയിട്ടുള്ള കൃതികളിൽ പുരോഗമനോന്മുഖങ്ങളായ ആശയങ്ങൾ ഒന്നുംതന്നെ ഇല്ലെന്നു വിശ്വസിക്കുന്ന കുറെ യുവസാഹിത്യകാരന്മാരും. തങ്ങളുടെ സിദ്ധാന്തങ്ങളിൽ മാത്രം അന്ധമായ വിശ്വാസവും മററുള്ളവയിൽ അതിരുകവിഞ്ഞ വെറുപ്പും പ്രത്യേകതാല്പര്യങ്ങളുടെ പ്രേരണയാലുണ്ടാകുന്ന കക്ഷിപിടുത്തവും ഒരിക്കലും നന്നല്ല. മനുഷ്യൻതന്നെ അപൂർണ്ണനാണല്ലോ. അതുകൊണ്ടു ഒന്നുംതന്നെ പൂർണ്ണമല്ലെന്നു മനസ്സിലാക്കി അന്യോന്യം എതിർപ്പില്ലാതെ സൌഹാർദ്ദമായി പെരുമാറുന്നപക്ഷം നമ്മുടെ സാഹിത്യത്തിന്നു നല്ല ഒരു ഭാവി ഉണ്ടാകതന്നെ ചെയ്യും. മനുഷ്യസമുദായത്തിന്റെ സാംസ്കാരികമായ പുരോഗതിയായിരിക്കണം സാഹിത്യകാരന്റെ കർത്തവ്യമെന്നുള്ളതു് ഒരിക്കലും വിസ്മരിക്കരുതു്. ആ ലക്ഷ്യം തെററാതെ പ്രവർത്തിക്കുന്ന സാഹിത്യകാരനു മാത്രമെ തന്റെ ഭാഷക്കു എന്തെങ്കിലും പ്രയോജനം ചെയ്യുവാൻ സാധിക്കുകയുള്ളു.

കെ. എ. കേശവൻനായർ,
സീനിയർഇൻറർമീഡിയററ്.

---



പോലീസ്:— നില്ലു! നില്ലു! ബെല്ലില്ലാത്ത സൈക്കിൾ ഉപയോഗിക്കുന്നത് നിയമവിരുദ്ധമാണെന്നറിയില്ലേ?

സ്ത്രീ:— അറിയാം അറിയാം പക്ഷെ ബ്രെയ്ക്കില്ലാതെ സൈക്കിളെങ്ങിനെ നിർത്തും?

മുരളീധരൻ.

# സ ഞ്ജ യ ൻ

മനുഷ്യവംശത്തിന്റെ ഉന്നമനത്തിനുവേണ്ടി ലോകോത്ഭവത്തിൽ ആരംഭിച്ചതും, ലോകാവസാനംവരെ നിലനിൽക്കുന്നതുമായ ഒരു അഭിപ്രായഗതിയുടെ വിശദീകരണം, അതായിരുന്നു സഞ്ജയൻ. ആ അഭിപ്രായഗതിയെ ബാഹ്യലോകത്തിലെ കാലത്തിന്നൊത്ത ഉദാഹരണങ്ങൾ കൊണ്ടു് അദ്ദേഹം വിശദീകരിച്ചു. ചിരിയിലൂടേയും, തമാശയിലൂടേയും, കടുത്ത ജീവിതയാഥാർത്ഥ്യങ്ങളെ ലോകത്തിന്നു മുമ്പിൽ എടുത്തുകാട്ടി, അവയെ സംബന്ധിക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗങ്ങളെ അദ്ദേഹം പ്രതിപാദിച്ചു.

"തറവാട്ടിലേ, ചെൻതെങ്ങിൻ തൈപോലുള്ള' ഒരു കേരളീയകവിയുടെ കഴുത്തിൽ കടന്നുപിടിച്ച് കെട്ടിത്തൂക്കി കൊല്ലുകയും, വിശ്വവിശ്രുത സാഹിത്യകാരനായ ഷെയ്ക്സ്പീയറെപോലും, പററിച്ച് മണ്ണുകപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്ത വിഷാദാത്മകന്റെ പിന്നാലെ മണ്ടരുതെന്നു് സാഹിത്യകാരന്മാരോടും, കവികളോടും അദ്ദേഹം ആവശ്യപ്പെട്ടു. ഏകച്ഛത്രാധിപത്യത്തിലും, പൌരസ്വാതന്ത്ര്യ ധ്വംസനത്തിലും എത്തിച്ചേരുവാൻ വെമ്പുന്ന റഷ്യൻ കമ്യൂണിസത്തിന്റെ പിന്നാലെ പായരുതെന്നു് അദ്ദേഹം യുവാക്കളെ ഉദ്ബോധിപ്പിച്ചു. പൌരസ്വാതന്ത്ര്യത്തേയും, സംസ്കാരത്തേയും നശിപ്പിച്ച് "മനുഷ്യന്റെ ഉത്തമാംഗം വയറെന്നു ശഠിക്കുവോ"രുടെ പിന്നാലെ നടക്കുന്നത് എന്തുതന്നേയായാലും, സംസ്കാരത്തിന്റേയും, അഗാധചിന്താഗതിയുടേയും വിളനിലമായ ഭാരതത്തിലെ യുവാക്കൾക്ക് ചേർന്നതല്ലെന്ന് അദ്ദേഹം വാദിച്ചു. "ധിക്കാരികളെ, രാക്ഷസന്മാരെ, ഞങ്ങളെ ദ്രോഹിക്കുന്ന നിങ്ങളോട് ഞങ്ങൾ പകരം ചോദിക്കും" എന്ന് രണ്ടു് കയ്യും തലയിൽവെച്ച് ആർക്കുന്നതും, "അപ്രായോഗികമായ ബഹളം"സൃഷ്ടിക്കുന്നതും സ്ത്രീത്വമല്ലെന്നും, സമാധാനപരമായ പ്രവർത്തനംകൊണ്ടു് ഏതൊരു സ്ത്രീക്കും, പുരുഷനോടുള്ള തന്റെ സമത്വം മാത്രമല്ല ഉയർച്ച പോലും ലോകത്തിന്നു വിശദീകരിച്ച് കൊടുക്കുവാനും, കൈവരുത്തുവാനും, സാധിക്കുമെന്നും അദ്ദേഹം യുവവനിതകളോട് അഭിപ്രായപ്പെട്ടു. എന്നാൽ ഇവയെല്ലാം ചെയ്തത് അശ്രദ്ധനും, അലസനും, സാധാരണനുമായ ഒരു വ്യക്തിയായിരുന്നില്ല നേരേമറിച്ച് ആ വ്യക്തിയുടെ ഒരു ഭാഗം മാത്രമായ ആ അഭിപ്രായഗതിയായിരുന്നു—അതേ സഞ്ജയനായിരുന്നു.

സഞ്ജയൻ പലരേയും പരിഹസിച്ചിട്ടുണ്ടു്. എന്തിന്ന്. നിർത്തിവെച്ച് പരിഹാസത്തീയിൽ ചുട്ടെരിച്ചിട്ടുപോലുമുണ്ടു്. എന്നാൽ അത് ഒരു വ്യക്തി മററൊരുവ്യക്തിയെ വ്യക്തിവിദ്വേഷംകൊണ്ടു് പറയുന്നമാതിരിയായിരുന്നില്ലെന്ന് മാത്രം. സഞ്ജയനെന്ന വീക്ഷണഗതി കമീഷണരെന്ന "ഗവമ്മേണ്ടു്" സത്വത്തിന്റേയൊ, ഡീസ്ട്രിക്ട് ബോർഡ് അദ്ധ്യക്ഷനെന്ന പൊതുജനപ്രതിനിധിയുടേയൊ കർത്തവ്യത്തിൽനിന്നുള്ള വ്യതിചലനത്തെ ചൂണ്ടിക്കാണിക്കൽ മാത്രമായിരുന്നു. ഉദ്യോഗവേഷം ചമയുന്ന വ്യക്തികളുടെ നേരെ സഞ്ജയന്റെ ചന്ദ്രഹാസം—ബ്ളാക്ക് ബേർഡ് പെന്ന് – ഉപയോഗിച്ചിട്ടേയില്ല. എന്നാൽ അവർ വേഷം അണിഞ്ഞ് കഴിഞ്ഞാൽ......... അത് കാര്യം വേറെ !!

സഞ്ജയൻ ആരേയും . പരിഹസിച്ച് ആർത്ത് ചിരിച്ചിരിക്കാം. എന്നാൽ ആരേയും ശകാരിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ഫലിതസാഹിത്യത്തിൽ ഉടനീളം കാണുവാൻ കഴിയുന്ന ഒരു വാസ്തവമത്രെ ഇതു്. എജ്യൂക്കേഷണൽ ആഫീസരുടെ വിസ്ഥിത്തം ആഫീസ് മുറിയിലെ ചിത്രങ്ങളെപോലും പൊട്ടിച്ചിരിപ്പിച്ചിട്ടുണ്ടു് എന്നാൽ അദ്ധ്യാപകനെപ്പോലും ദേഷ്യം പിടിപ്പിച്ചിട്ടില്ല. അതാണു് പറഞ്ഞതു്, വ്യക്തിത്വത്തിൽനിന്നു് ഉയർന്ന്,

കർമ്മണ്യേവാധികാരസ്തേ
മാഫലേഷു കദാചന എന്ന ഗീതോപദേശത്തെ മുറുകേപിടിച്ച ഒരു വിചാരഗതിയായിരുന്നു സഞ്ജയൻ എന്നു്.

ഈ പ്രതിഭയെ സാഹിത്യലോകത്തിലേക്കു് തള്ളിവിടുന്നതിന്നു് ഒരു "ചാർജ്ജ് ഷീററ്" ശ്രീമാൻ എം. ആർ. നായരവർകളുടെ പേരിൽ തെയ്യാറാക്കുവാൻ സാധിക്കുമായിരിക്കാം. എന്നാൽ ആ, എം. ആർ. നായർ ഏതെല്ലാംവിധം കായികവും, മാനസികവുമായ ക്ലേശങ്ങൾ സഹിച്ചുകൊണ്ടാണു് ആ പ്രതിഭയെ സാഹിത്യലോകത്തിൽ നിലനിർത്തിപ്പോന്നതെന്നോ! അദ്ദേഹത്തിന്റെ പത്നി അകാലചരമമടഞ്ഞു. ആ ദുഃഖം ശമിക്കുന്നതിന്നു് മുമ്പുതന്നെ അദ്ദേഹത്തിന്റെ ഏകസന്താനവും മാതാവിനെ അനുഗമിച്ചു. ഈ തീരാ ദുഃഖങ്ങൾ പേറിക്കൊണ്ടാണു്, ആ പ്രതിഭയെ ചിരിയുടേയും ആഹ്ലാദത്തിന്റേയും പെരുമ്പറയുമായി സാഹിത്യലോകത്തേക്കു് ശ്രീമാൻ എം. ആർ. നായർ തള്ളിവിട്ടതു്. അദ്ദേഹത്തിന്നുള്ള നന്ദി നമുക്ക് കൂപ്പുകൈയോടെ നൽകാം.

ദുഷിച്ചുനാറിയ വശങ്ങളെ കലാപരവും, രാഷ്ട്രീയവും, സാമുദായികവുമായ ജീവിതത്തിൽനിന്നു തുടച്ചുനീക്കി അവയെ പരിശുദ്ധമാക്കുവാൻ വെമ്പുന്ന ആശയഗതിയെ വിശദീകരിച്ച് ആ പ്രതിഭ മനുഷ്യത്വത്തിന്നു് ഒരു വമ്പിച്ച ഗുണമത്രേ ചെയ്തിരിക്കുന്നതു്. അതു് ആ ആശയഗതിയേ ലോകോത്തരം ഉയർത്തുയും, ലോകത്തിൽ പ്രവർത്തിക്കുവാൻ തട്ടി ഉണർത്തുകയും ചെയ്തിരിക്കുന്നു.

രാമനാഥൻ സി. വി. സീനിയർ
ഇൻറർമീഡിയററ്

# *ബാഷ്പഹാരം.

ഭാഷയ്ക്കു പദത്തിൻെറ പൊന്നണിപ്പൂഞ്ചേലയാൽ
വേഷത്തിൽ, വിഭൂഷയിൽ വൈവിധ്യം വരുത്തിയും
ആമംഗലാംഗീരൂപം നിറച്ചും കനകത്തി-
ന്നായിര മലങ്കാരം വേണ്ട മട്ടണിയിച്ചും,
കേരളാംബികയുടെ കൈക്കുമ്പിൾ നിറയവെ
കേരപാകമാം വിദഗ്ദ്ധഭോജ്യങ്ങൾ സമ്മാനിച്ചു.
പൂരിതഗുണഭര, മുദാരമൊരു ഹൃത്തിൽ
പാരിടം നിറയുന്ന രാഗവൈശിഷ്ട്യം ചേർത്തും.
തൻ തറവാടിന്നൊത്ത പെൺകൊട നടത്തിക്കാൻ
തൻ കഴിവാവുംവിധമാരൊരാൾ ചെലവാക്കി.
അപ്പിതാവയ്യോ.........പേനവിറക്കുന്നദ്ദേഹത്തിൻ
തൃപ്പദങ്ങളിലെൻെറ ബാഷ്പാക്ഷരങ്ങൾ വീഴ്കെ
തെല്ലിട കരയായ്കലോകമേ കണ്ണീരിൻെറ
വെള്ളത്തിൽ തല്ക്കാവ്യങ്ങൾ മാഞ്ഞാലോ മറഞ്ഞാലോ.
കണ്ണുനീർ കണങ്ങളാൽ മുത്തുമാല്യങ്ങൾ ചൂടി
സ്വർണ്ണാഭം ഭവൽസ്മൃതി മണ്ഡലം വിരാജിപ്പൂ
നാലഞ്ചു ബാഷ്പാക്ഷരമാലിക ചാർത്തട്ടെയെൻ
തൂലികയബലമിതെങ്കിലുമാത്മാർത്ഥമായ്........

BY

കൊളായി ബാലകൃഷ്ണൻനായർ.
പൂർവ്വവിദ്ധ്യാർത്ഥി.

---

* ഉള്ളൂരിൻെറ ചരമത്തിൽ.

UNIVERSITY LIBRARY
22 MAR 1950

# വയനാട്.

വിജയശ്രീ വിലസുന്ന വയനാട്;– അതിനെ വാനമ്പാടികൾ വാനോളം പുകഴ്ത്തുന്നു. അതികുതുകിയായ അനിലൻ അലസതയെന്ന്യേ അതിനെത്താലോലിക്കുന്നു. ആദിത്യൻ പോലും അതിന്റെ മേൽ ആശങ്കയോടുകൂടി മാത്രമേ തന്റെ ഉഗ്രകിരണങ്ങളെപതിപ്പിക്കുന്നുള്ളു. പീയൂഷം പൊഴിച്ച് ആ നാടിനെ പുളകിതയാക്കിക്കൊണ്ട് പനിമതി അംബരത്തിൽ ആസന്നസ്ഥനാകുമ്പോൾ വനകുസുമങ്ങളെ ലാളിച്ചുകൊണ്ട് പവനൻ തന്റെ ശീതളകരങ്ങളാൽ ആ മോഹനാംഗിയെ തലോടുന്നു. അങ്ങിനെ പ്രശാന്തരമണീയമായ ഒരന്തരീക്ഷത്തിൽ പ്രകൃതിസൌന്ദര്യത്തിന്റെ പ്രതിബിംബമായി പ്രശോഭിക്കുന്ന ആ പുണ്യഭൂമി അർഹിക്കുന്ന മേന്മ അനല്പമാണ്— അതിഭാസുരമാണ്.

പ്രകൃതിയുടെ ശില്പകലാനൈപുണ്യം പൂർണ്ണമായി പ്രതിബിംബിക്കുന്നത് അയൽനാട്ടിലെക്കാൾ വയനാട്ടിലാണ്. അംബരചുംബികളായ വൃക്ഷകദംബങ്ങൾ അതിന്റെ അഭിമാനസ്തംഭങ്ങളാണ്. മനോജ്ഞമായ മലരണിക്കാടുകൾ അതിന്റെ മനോഹാരിതയുടെ മാനദണ്ഡമാണ്. കരൾ കുളർപ്പിക്കുന്ന ആരവം പൊഴിച്ചുകൊണ്ട് കുന്നിൻചരുവിൽക്കൂടി കുതിച്ചുപായുന്ന കാട്ടാറുകൾ ആ മലനാട്ടിന്നു മാറ്റുകൂട്ടുന്നു. ഏവരേയും സ്വീകരിക്കാൻ പ്രേരിപ്പിക്കുന്ന ആ നാട്ടിലെ വിശാലമായ വയൽപ്പരപ്പുകൾ അതിന്നു പുതുമപൂശുന്നു. ചുള്ളികളും വള്ളികളും പടർന്നുപിടിച്ചു പാതാളത്തോളമെത്തുന്ന കൊല്ലികളും ഏവരേയും അമ്പരപ്പിക്കുന്ന വൻ മലകളും പടുക്കൂറ്റൻ പാറക്കെട്ടുകളും ആ നാട്ടിന്റെ അന്തസ്സിന്നു നിദാനങ്ങളാണ്. ഭാരതത്തിന്റെ നന്ദനോദ്യാനമാണ് കേരളമെന്നു വിശ്വം മുഴുവൻ വിളിച്ചുപറയുമ്പോൾ അതിൽ വിരാജിച്ചു നിൽക്കുന്ന ഒരു സുരഭിലസൂനമാണ് വയനാടെന്ന് പറയുന്നത് വെറും പരമാർത്ഥം മാത്രമായിരിക്കും. അത്രമാത്രം അഴകൊഴുകുന്ന വയനാട് ആരെയാണ് ആഹ്ലാദ പുളകിതരാക്കാത്തത്?

ഒരുകാലത്ത്, ചരിത്രത്തിന്റെ ഏടുകളിൽ തങ്കലിപികളാൽ കുറിക്കേണ്ടുന്ന സംഭവപരമ്പരകൾക്കു സാക്ഷ്യം വഹിക്കുന്ന ഭൂമിയാണ് വയനാട്. പ്രതാപവാനായ പഴശ്ശിരാജവിനാൽ പ്രജാപാലനം ചെയ്യപ്പെട്ട പാവനപ്രദേശമാണത്. സ്വാതന്ത്ര്യപ്രേമവും സ്വരാജ്യസ്നേഹവും അവിടെ വഴിഞ്ഞൊഴുകിയിരുന്നു. അന്ന് അതിന്റെ തലസ്ഥാനം ഇന്നത്തെതായ മാനന്തവാടിതന്നെയായിരുന്നു എന്നാണ് കരുതപ്പെടുന്നത്.

…………… ലോകത്തെ മുഴുവൻ കിടുകിട വിറപ്പിച്ച നെപ്പോളിയനെ തോല്പിച്ച ആർതർ വെല്ലസ്ലി എന്ന ഇംഗ്ലീഷ് പടനായകനെ പഴശ്ശിരാജാവ് സധീരം പൊരുതി പരാജയപ്പെടുത്തി ചരിത്രത്തിൽ ഒരു സുവർണ്ണാദ്ധ്യായം സൃഷ്ടിച്ചത് വയനാട്ടിൽനിന്നല്ലാതെ മറ്റെവിടെനിന്നും ആയിരുന്നില്ല. അന്നു സ്വാതന്ത്ര്യത്തിന്നുവേണ്ടിപ്പൊരുതിയ ധീരാത്മാക്കളുടെ—സാമ്രാജ്യത്വത്തെ ധിരധീരം ചെറുത്തുനിന്ന രണനിപുണന്മാരുടെ—കുടുംബാവശിഷ്ടങ്ങൾ ഇന്നും വയനാട്ടിന്റെ ഏതു മുക്കിൽ നോക്കിയാലും കാണുവാൻ പ്രയാസമില്ല.

ബ്രിട്ടീഷുകാർ, ഇന്ത്യ കൈവശപ്പെടുത്തി. വയനാടും മറ്റു രാജ്യങ്ങളെപ്പോലെ അധഃപതിച്ചു. അടിമത്തശൃംഖലയാൽ ബദ്ധയായി. അപരിഷ്കൃതരീതിയിൽ കാടുകളെ ആശ്രയിച്ചു ജീവീക്കുന്നവർ, ഫലമൂലാദികൾ ഭക്ഷിക്കുന്നവർ; അവരുടെ അദ്ധ്വാനഫലം അനുഭവിച്ചു ജീവിക്കുന്നവർ ഇങ്ങിനെയുള്ള ഒരു വിഭാഗം ജനതയുടെ ആവാസസ്ഥലമായി അചിരേണ വയനാട് ഇതരരാജ്യങ്ങളുടെ മുമ്പിൽ പ്രശസ്തിയില്ലാതെ, നിസ്തേജസ്സമായ ഒരു പരിതസ്ഥിതിയിലെത്തിച്ചേർന്നു.

സ്വാതന്ത്ര്യത്തിന്റെ കിരണധോരണികൾ ഭാരതംമുഴുവൻ ആ സുവർണ്ണമരീചിയിൽ സുരഭിലമാക്കിത്തീർക്കുന്ന ഈ അവസരത്തിൽ വയനാട്ടിന്നു ചെയ്തുതീർക്കേണ്ട കടമകൾ ഒട്ടധികമുണ്ട്. വയനാട്ടിൽ അധഃകൃതർ—പണിയരെന്നും മറ്റുമായി അറിയപ്പെടുന്നവർ—വളരെ അധികമുണ്ട്. നിരക്ഷരകുക്ഷികളായി ലോകജീവിതത്തിൽ; ബഹുജനമദ്ധ്യത്തിൽ തങ്ങളുടെ ആവശ്യങ്ങളോ അവകാശങ്ങളോ അറിയുവാൻ കഴിവില്ലാതെ കൂപമണ്ഡൂകങ്ങളായി പരാശ്രയത്തിന്റെ പടിക്കൽ ജീവിതപാത്രവുമെടുത്തു നില്ക്കുന്ന യാചകർ നിരവധിയുണ്ട്. ജീവിതത്തിന്റെ ഉദ്ദേശമോ സാമാന്യജനങ്ങളുടെയിടയിൽ തങ്ങൾക്കുള്ള നിലയോ വിലയോ അറിവാൻ സമുദായത്തിന്റെ സ്വാർത്ഥതയിൽ—മനുഷ്യൻ മനുഷ്യന്റെ ഹൃദയരക്തം നുകരുന്ന, ആ മനംമടുപ്പിക്കുന്ന ദുഷ്ടതയിൽ—നികൃഷ്ടകഷ്ടതയിൽ, അവക്കവസരമുണ്ടായിരുന്നില്ല; അവകാശമുണ്ടായിരുന്നില്ല. ഇന്നും ആ നില തുടന്നുപോകുകയോ?...

പോരാ! വയനാട്ടിന്നു ശോഭനമായൊരു ഭാവിയുണ്ടാകണം. അതു സാധുസംരക്ഷണത്തിൽനിന്ന്; അധഃകൃതോദ്ധാരണത്തിൽനിന്ന്; സമുദായപരിഷ്ക്കരണത്തിൽനിന്ന് മാത്രമേ സാദ്ധ്യമാകുകയുള്ളു. വളരെക്കാലമായി യജമാനനെത്തടിപ്പിച്ച്, അയാളുടെ ദാസ്യവൃത്തിയെടുത്ത് ജീവിതം തുടരുന്ന ഏതൊരു പട്ടിണിപ്പാവത്തിന്റെയും നിലക്കു അന്നും ഇന്നും പറയത്തക്ക മാറ്റമൊന്നുമുണ്ടായിട്ടില്ല. ഒരു ഭാഗത്തു മുതലാളിയുടെ പത്തായം നിറയുമ്പോൾ മറുഭാഗത്തു ആ അദ്ധ്വാനശീലന്മാർ വിശപ്പട

ക്കവാൻ കാട്ടു കയറണം; കാട്ടുകിഴങ്ങുകൾ ഭുജിക്കണം. പ്രഭുത്വത്തിന്റെ ശക്തി കായികമായി വൎദ്ധിച്ചുവരുമ്പോൾ അതിന്നായി നിരന്തരം ചോര നീരാക്കുന്ന പാവങ്ങളുടെ ശക്തി ക്ഷയിച്ചുവരുന്നു. തന്റെ ചാള പൊളിഞ്ഞു ദ്രവിച്ചുതുടങ്ങിയപ്പോൾ അവൻ തന്റെ തലമേൽ ചവിട്ടുന്ന സഹോദരന്റെ പുര ഓട്ടമേയുവാൻ വെമ്പുന്നു;—ബദ്ധപ്പെട്ടു പണിയെടുക്കുന്നു. അവനു മഴയോ മഞ്ഞോ വെയിലോ കുളിരോ ബാധകമല്ല. എന്തൊരു ത്യാഗികൾ!! ... എത്ര വലിയ സേവനമാണവർ സഹോദരന്മാൎക്കുവേണ്ടി ചെയ്യുന്നതു്?...

എന്നാൽ ഇതു് യഥാൎത്ഥസേവനമല്ല. അവൻ ചെയ്യുന്ന സേവനത്തെ അവൻതന്നെ മനസ്സിലാക്കുവാൻ കഴിയാത്തവിധം അവർ അത്ര മാത്രം അധഃപതിച്ചുപോയി. അവരെ ആ നാശകൂപത്തിൽനിന്നുംകൈകൊടുത്തു കയററുവാൻ ശ്രമിക്കാതെ അടിക്കടി അന്ധകാരത്തിലേക്കുന്തിവിടുവാൻ മുതിരുന്ന ഹൃദയശൂന്യന്മാർ ഇന്നും നമ്മുടെയിടയിൽ ഇല്ലാതില്ല.

ഈവിധ മനഃസ്ഥിതിയൊഴിഞ്ഞു് എല്ലാവരും ഏകോദരസഹോദരഭാവേന വൎത്തിക്കുക; അതുവഴി വയനാട്ടു് മററുനാട്ടുകൾക്കു മാതൃകയായിത്തീരുക; ഏതെല്ലാംവിധത്തിൽ സാദ്ധ്യ ജനോദ്ധാരണം സാദ്ധ്യമാണോ ആവിധ പരിപാടികളെല്ലാം വിളംബം വിനാ നടപ്പിലാക്കുക; "സമത്വം;" "സഹോദര്യം" എന്നീ പാവനപദങ്ങൾ പുലൎന്നുവരുക; അങ്ങിനെയൊരു സുവൎണ്ണകാലം വയനാട്ടിന്നു വന്നുചേരുക; ഹാ! ഏതു മാനവഹൃദയമാണ് അതിനെ സ്വാഗതം ചെയ്യാത്തതു്? ആൎക്കാണ് ആ ശോഭനകാലം കണ്ടു കൺകുളൎക്കുവാൻ മോഹമുണ്ടാകാത്തതു്?......

വയനാട് ശാന്തിയുടെയും സമാധാനത്തിന്റെയും വിളനിലമായി ലോകരംഗത്തിലേക്കുയരുന്നുവരെട്ടെ!......".

എ. അഗസ്റ്റിൻ,
ജൂനിയർ ഇൻറർമിഡിയററ്.



CAT AT REST

K. P. RAJAN



CHAMUNDI TEMPLE, MYSORE

A. SETHURAM, J. I.

# EXCHANGE

We have pleasure in acknowledging with thanks the receipt of the following Magazines:—

1. Barrovian, Isle of Man
2. The National College Magazine, Thiruchirapalli
3. Government College Miscellany, Mangalore
4. Pudukotai College Magazine
5. Hindu Theological High School Magazine, Madras
6. Malabar Christian College Magazine, Calicut
7. The Ceded District Callege Magazine Guntur
8. The Presidency College Magazine, Madras
9. Ramakrishna Home and School Magazine Madras
10. The American College Magazine Madura
11. The Theosophical College Magazine Madanapalle
12. The St. John's College Magazine Palamcottah
13. The Pachaiyappa's College Magazine Madras
14. The Maharaja's College Magazine, Ernakulam
15. The Findlay High School, Magazine, Mannargudi
16. The St. Aloysius College, Magazine, Mangalore
17. The Madras Law College Magazine
18. The Madres Christian College Magazine
19. The Government Brennen College Magazine, Tellicherry
20. Journal of the Madras University
21. Tarporevala's Indian Literary Review
22. The Government Victoria College Magazine
23. The St. Thomas College Magazine, Trichur
24. Annamalai Nagar Miscellany, Chidambaram
25. The Voorhee's College Magazine, Vellore
26. The St. Joseph's College Magazine Thiruchirapalli
27. The Loyola College Magazine, Madras
28. Union Christain College Magazine Alwaye
29. Kumbakonam College Magazine
30. St Teresa's College and High School Magazine, Ernakulam
31. Law College Magazine, Trivandrum.
32. The Old College Magazine, Trivandrum
33. The Andhra Christian College Magazine
34. Mc Millan Educational Bulletin
35. Hindu College Magazine, Guntur
36. St. Berchman's College Magazine.
37. Kottayam College Magazine
38. The Government Muhammadan College Magazine
39. The Elphinstonian, Bombay
40. St. Albert's College Magazine
41. Arthur hope College of Technology Magazine
42. Sri Kerala Varma College Magazine
43. Vidya Sagar College Magazine
44. Collegian, Nagpur
45. Business Week, Madras
46. College Student, Bihar
47. Amrithavani, Bangalore.
48. The Teacher
49. Young messenger of India. Bombay
50. The Collegian, Deccan
51. സാഹിത്യോപഹാരം, Trivandrum
52. വിദ്യാർത്ഥിമാസിക, Nilambur
53. പരസ്പരസഹായി, Calicut
54. കേരളം, Calicut
55. ഗ്രന്ഥാലോകം, Trivandrum
56. പാരിജാതം, Chittur, Cochin
57. Indian Finance, Calcutta
58. Britain Today, London

59. Coconut Committee Bulletin, Ernakulam
60. സമുദായസേവിത്രി പുതുക്കാട്
61. ജയഭാരതം തെവര
62. Philips Technical Review, Holland
63. Work and Wealth, Calcutta
64. Institute of Science Gymkhana, Bangalore
65. Indian Documentary, Bombay
66. Banking and Industry, Kumbakonam
67. Agricultural Situation in India
68. H. Nadars Senthi Kumara Nadar College Mag., Virudhunagar
69. Ethiraj College for Women, Madras
70. Met Kem South Madras Agencies Ltd., Tiruchi.
71. Our life Lines, Madras
72. Planters Chronicle, Coonoor
73. Journal of Commerce and Statistics, Bombay.